കേരള സർക്കാർ

# സംസ്ഥാന വികസന കൗൺസിൽ

## മൂന്നാമത് യോഗം

## അജണ്ടക്കുറിപ്പുകൾ

സ്ഥലം: ഗവൺമെന്റ് ഗസ്റ്റ് ഹൗസ്, തൈക്കാട്, തിരുവനന്തപുരം

തീയതി: 28-07-2008

സമയം: രാവിലെ 10-ന്

**തദ്ദേശ സ്വയം ഭരണ വകുപ്പ്**

**തിരുവനന്തപുരം.**

# സംസ്ഥാന വികസന കൗൺസിൽ

## ഉള്ളടക്കം


| ക്രമനമ്പർ | അജണ്ട | പേജ് |
|---|---|---|
| 1 | 2007 ഡിസംബർ 15-ാം തിയതി രാവിലെ 11 മണിക്ക് തൈക്കാട് ഗവൺമെന്റ് ഗസ്റ്റ്ഹൗസിൽ വച്ചു കൂടിയ സംസ്ഥാന വികസന കൗൺസിൽ രണ്ടാം യോഗ തീരുമാനത്തിന്മേൽ സ്വീകരിച്ച നടപടി | 1-2 |
| 2 | ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയുടെ നടത്തിപ്പ് | 3-7 |
| 3 | സമ്പൂർണ്ണ ശുചിത്വ യജ്ഞം | 8-21 |
| 4 | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പഞ്ചവത്സര പദ്ധതിയുടെ അടുത്തഘട്ടം തയ്യാറെടുപ്പ് | 22-23 |
| 5 | ഇ.എം.എസ് ഭവന പദ്ധതി | 24-25 |
| 6 | കമ്പ്യൂട്ടർവൽക്കരണ പദ്ധതി | 26-31 |
| 7 | ജീവനക്കാരുടെ പുനർവിന്യാസം | 32-35 |
| 8 | ജില്ലാ പ്ലാനിംഗ് കമ്മിറ്റിയുടെ ശാക്തീകരണം | 36 |
| 9 | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പദ്ധതികളുടെ ഉല്പാദനമേഖലയുടെ പുരോഗതി - സംസ്ഥാന പദ്ധതിയും കേന്ദ്രാവിഷ്കൃതപദ്ധതിയും സംയോജിപ്പിച്ചു കൊണ്ടുള്ള പ്രവർത്തനം. | 37 |
| 10 | പ്രധാനപ്പെട്ട കേന്ദ്രാവിഷ്കൃത പദ്ധതികളുടെ പുരോഗതി വിലയിരുത്തൽ<br>a. ദേശീയ ഗ്രാമീണ ആരോഗ്യ സുരക്ഷാപദ്ധതി (NRHM)<br>b. സംയോജിത ശിശുവികസന പദ്ധതി (ICDS)<br>c. സർവ്വശിക്ഷ അഭിയാൻ (SSA)<br>d. രാഷ്ട്രീയ കൃഷിവികാസ് യോജന (RKVY)<br>e. പ്രധാനമന്ത്രിഗ്രാമ സഡക് യോജന (PMGSY) | [illegible] |
| 11 | സംരക്ഷണ വിടുകൾ (Care homes) | 38-39 |
| 12 | മറ്റു പൊതുകാര്യങ്ങൾ | |

/

## സംസ്ഥാന വികസന കൗൺസിൽ

2007 ഡിസംബർ 15-ാം തിയതി രാവിലെ 11.00 മണിക്ക് തൈക്കാട് ഗവൺമെന്റ് ഗസ്റ്റ് ഹൗസിൽ വച്ചുകൂടിയ സംസ്ഥാന വികസനകൗൺസിൽ യോഗ തീരുമാനത്തിന്മേൽ സ്വീകരിച്ച നടപടി.

അജണ്ട നമ്പർ.1

| അജണ്ട | തീരുമാനം | സ്വീകരിച്ച നടപടി |
|---|---|---|
| I. സംരക്ഷണ വീടുകൾ | സംരക്ഷണ വീടുകൾ ഓരോ ജില്ലയിലും സ്ഥാപിക്കുന്നതിനുവേണ്ട സ്ഥലം കണ്ടെത്തി പ്രസ്തുത പദ്ധതി നടപ്പിൽ വരുത്താൻ എല്ലാ ജില്ലാ പഞ്ചായത്തും മുൻകൈ എടുക്കണം. | തുടർനടപടിയായി അജണ്ടയിൽ ഉണ്ട്. ഇക്കാര്യത്തിൽ തിരുവനന്തപുരം ജില്ല നടപടി സ്വീകരിച്ചു കഴിഞ്ഞു. നടപടികൾ ഊർജ്ജിതപ്പെടുത്താൻ മറ്റു ജില്ലകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| II. തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വകുപ്പിലേയ്ക്കുള്ള ഉദ്യോഗസ്ഥന്മാരുടെ പുനർവിന്യാസവും പുരോഗതിയും വിലയിരുത്തൽ | ഉദ്യോഗസ്ഥന്മാരുടെ പുനർവിന്യാസം ഒരു മാസത്തിനുള്ളിൽ പൂർത്തീകരിക്കണം. | ഇതിന്റെ നടപടികൾ പൂർണ്ണമായിട്ടില്ല. പൊതുമരാമത്ത്, ജലവിഭവ തുടങ്ങിയ വകുപ്പുകളിൽ നിന്നും ചില തസ്തികകൾ നിർത്തലാക്കി. സമാന തസ്തികകൾ തദ്ദേശസ്വയംഭരണ വകുപ്പിൽ സൃഷ്ടിക്കുന്നതാണ്. |
| III i. പ്രധാനപ്പെട്ട കേന്ദ്രാവിഷ്കൃത പദ്ധതി വിലയിരുത്തൽ, ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി | (1). ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയെ സംബന്ധിച്ച് ജനങ്ങൾക്ക് ബോധവൽക്കരണം നടത്തി 1-4-2008 മുതൽ മറ്റുജില്ലകളിൽ കൂടി ഫലപ്രദമായി നടപ്പിലാക്കാൻ വേണ്ട നടപടി തദ്ദേശസ്വയംഭരണ വകുപ്പ് സ്വീകരിക്കണം. | (1) ഏകദേശം 17 ലക്ഷം പേരെ ഇക്കാര്യത്തിൽ ബോധവൽക്കരണം നടത്തിയിട്ടുണ്ട്. ഇക്കാര്യങ്ങൾ ഇപ്പോഴും സർക്കാർ തലത്തിൽ ചർച്ച ചെയ്തുവരുന്നു. മറ്റു ജില്ലകളിൽ കൂടിയിത് ഫലപ്രദമായി നടപ്പാക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| | (2). PMGSY പദ്ധതികളുടെ നടത്തിപ്പിന് യൂട്ടിലിറ്റിസ് മാറ്റി സ്ഥാപിക്കേണ്ടതിനാവശ്യമായ ജില്ലാ പഞ്ചായത്ത് പദ്ധതി വിഹിതത്തിൽ മാച്ചിംഗ് ഗ്രാന്റായോ, ഗ്രാമ പഞ്ചായത്തും ബ്ലോക്ക് പഞ്ചായത്തും ചേർന്നുള്ള ഫണ്ടിൽ നിന്നോ വകയിരുത്തേണ്ടതാണ്. | (2).തദ്ദേശസ്വയംഭരണ വകുപ്പ് 19-2-2007-ൽ പുറപ്പെടുവിച്ച സ.ഉ.(എം.എസ്) നമ്പർ 45/2007/തസ്വഭവ ഉത്തരവനുസരിച്ച് PMGSY റോഡുകളിൽ ടെലഫോൺ, വൈദ്യുതിപോസ്റ്റുകൾ ഭൂമിയ്ക്കടിയിലുള്ള ടെലിഫോൺ/വൈദ്യുതി കേബിളുകൾ, ജലവിതരണ പൈപ്പുകൾ തുടങ്ങിയവ മാറ്റി സ്ഥാപിയ്ക്കുന്നതിനുള്ള ചെലവുകൾ വഹിയ്ക്കുന്നതിന് ജില്ലാ പഞ്ചായത്തുകൾ അവരുടെ മെയിന്റനൻസ് ഫണ്ട്/വികസന ഫണ്ട് വിനിയോഗിക്കുവാൻ അനുമതി നൽകിയിട്ടുണ്ട്. |

| | | |
|---|---|---|
| | | ഏതെങ്കിലും ജില്ലാ പഞ്ചായത്തുകൾക്ക് യൂട്ടിലിറ്റികൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള ചെലവ് വഹിക്കുന്നതിന് കഴിയാതെ വരുന്ന സാഹചര്യത്തിൽ സന്നദ്ധമായ ഗ്രാമപഞ്ചായത്തുകൾക്ക് ഇത്തരം ചെലവ് വഹിക്കുന്നതിനുകൂടി അനുമതി നൽകിയിട്ടുണ്ട്. |
| 2. സമ്പൂർണ്ണ ശുചിത്വം (Total Sanitation Scheme) | പത്തനം തിട്ട ജില്ലയിൽ ചിക്കൻ ഗുനിയാബാധിച്ചപ്പോൾ ആയുർവേദ ആശുപത്രിയുടെ നേതൃത്വത്തിൽ ചെലവഴിച്ച 9 ലക്ഷം രൂപ റിഇമ്പേഴ്സ് ചെയ്യുന്നതിനുള്ള നടപടി ഡി.എച്ച്.എസ് സ്വീകരിക്കേണ്ടതാണ്. | വിവരം ലഭ്യമായിട്ടില്ല |
| | ജില്ലാതല എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ ജനപ്രതിനിധികളെ ഉൾപ്പെടുത്തുന്ന കാര്യത്തിൽ ഡി.എച്ച്.എസ് തീരുമാനമെടുക്കണം. | വിവരം ലഭ്യമായിട്ടില്ല |
| IV. ഖരമാലിന്യ നിർമ്മാർജ്ജനം പുരോഗതി വിലയിരുത്തൽ. മാലിന്യ മുക്ത കേരളം കാമ്പയിൻ | ടെക്നിക്കൽ കമ്മിറ്റിയിൽ PWD, Water Authority, Electricity എന്നീ വകുപ്പുകളിലെ സർവീസ് എഞ്ചിനീയേഴ്സ് കമ്മിറ്റിയിൽ പങ്കെടുക്കാൻ വേണ്ട നിർദ്ദേശം നൽകാൻ ബന്ധപ്പെട്ട നടപടി സ്വീകരിക്കണം. | ഇക്കാര്യത്തിൽ വേണ്ടതായ നടപടികൾ സ്വീകരിക്കുന്നതിനും സർക്കാർ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഊർജ്ജവകുപ്പിൽ നിന്നും 18-4-2008-ലെ 872/സി.3/2007/പി.ഡി.എന്ന നമ്പരിൽ പ്രകാരമാണ് നിർദ്ദേശം നൽകിയിട്ടുള്ളത്. |

3

അനുബന്ധം നമ്പർ 2 (സംസ്ഥാന വികസന റിപ്പോർട്ട്)

## പ്രധാനപ്പെട്ട കേന്ദ്രാവിഷ്കൃത പദ്ധതികൾ

### 1. ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി

ഇന്ത്യൻ പാർലമെന്റ് പാസ്സാക്കിയ 2005 ലെ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം അവിദഗ്ധ കായികാധ്വാനം ചെയ്യുന്നതിന് സന്നദ്ധതയുള്ള ഏതൊരു കുടുംബ ത്തിനും പ്രതിവർഷം 100 തൊഴിൽ ദിനങ്ങൾ ഉറപ്പാക്കുന്നു. ഇതോടൊപ്പം പ്രത്യുൽപാദനപരമായ ആസ്തികൾ സൃഷ്ടിക്കലും ഈ പദ്ധതിയുടെ ലക്ഷ്യമാണ്. കേരളത്തിൽ ആദ്യ ഘട്ടത്തിൽ വയനാട്, പാലക്കാട് ജില്ലകളിൽ 2.2.2006 മുതലും രണ്ടാം ഘട്ടത്തിൽ ഇടുക്കി, കാസർഗോഡ് ജില്ലകളിൽ 1.4.2007 മുതലും ബാക്കി 10 ജില്ലകളിൽ 1.4.2008 മുതലും ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നടപ്പിലാക്കിവരികയാണ്.

പദ്ധതിയുടെ ഒന്നും രണ്ടും ഘട്ടത്തിൽ നിർവ്വഹണത്തിനു തിരഞ്ഞെടുക്കപ്പെട്ട വയനാട്, പാലക്കാട്, ഇടുക്കി, കാസർഗോഡ് ജില്ലകളുടെ പ്രവർത്തന പുരോഗതി ചുവടെ ചേർക്കുന്നു.

| | | വയനാട് | പാലക്കാട | ഇടുക്കി | കാസർഗോഡ് | ആകെ |
|---|---|---|---|---|---|---|
| a) | രജിസ്റ്റർ ചെയ്ത കുടുംബ ങ്ങൾ | 121428 | 194629 | 123398 | 90904 | 530359 |
| b) | ജോബ് കാർഡ് ലഭിച്ച കുടുംബ ങ്ങൾ | 115008 | 190425 | 95361 | 78186 | 478980 |
| c) | തൊഴിലിന് അപേക്ഷിച്ച കുടുംബങ്ങൾ | 64126 | 76180 | 26450 | 21617 | 188373 |
| d) | തൊഴിൽ ലഭിച്ച കുടുംബങ്ങൾ | 64075 | 76180 | 23503 | 18271 | 182029 |
| e) | സൃഷ്ടിച്ച തൊഴിൽ ദിനങ്ങൾ (ലക്ഷത്തിൽ) | 28 | 26.72 | 2.58 | 3.15 | 60.45 |
| f) | ആകെ തൊഴിൽ ദിനങ്ങളിൽ സ്ത്രീകൾക്ക് ലഭിച്ചത് (ലക്ഷത്തിൽ) | 16.58 | 22.25 | 2.04 | 2.5 | 43.37 |
| g) | തുക മുൻബാക്കി (രൂപ ലക്ഷത്തിൽ) | 1339.29 | 1321.93 | – | – | 2661.22 |
| h) | കേന്ദ്രവിഹിതം (രൂപ ലക്ഷത്തിൽ) | 2400 | 2468.37 | 538.65 | 403.53 | 5810.55 |
| i) | സംസ്ഥാനവിഹിതം(രൂപ ലക്ഷത്തിൽ) | 266.23 | 329.86 | 93 | 67.61 | 756.7 |
| j) | മറ്റു വരവ് (ലക്ഷത്തിൽ) | 137.03 | 24 | 0 | 11.18 | 172.21 |
| k) | ആകെ ലഭിച്ച തുക (രൂപ ലക്ഷത്തിൽ) | 4142.55 | 4144.16 | 931.65 | 682.32 | 9900.68 |
| l) | അവിദഗ്ധ തൊഴിലാളികൾക്ക് കൂലിയിനത്തിൽ ചെലവായ തുക (രൂപ ലക്ഷത്തിൽ) | 3483.60 | 2995.90 | 286.94 | 373.07 | 7139.51 |
| m) | വിദഗ്ധ തൊഴിലാളികൾക്ക് കൂലിയിനത്തിൽ ചെലവായ തുക (രൂപ ലക്ഷത്തിൽ) | 27.75 | 146.74 | .02 | 0 | 174.51 |
| n) | സാധനസാമഗ്രികളുടെ ചെലവ് | 355.87 | 293.54 | 18.53 | 28.42 | 696.36 |

2

| | | | | | | |
|---|---|---|---|---|---|---|
| | (രൂപ ലക്ഷ&ിൽ) | | | | | |
| o) | ഭരണ ചെലവുകൾ (രൂപ ലക്ഷ&ിൽ) | 63.30 | 178 | 53.12 | 32.03 | 326.45 |
| p) | ആകെ ചെലവ് (രൂപ ലക്ഷ&ിൽ) | 3930.52 | 3614.18 | 358.61 | 433.52 | 8336.83 |

നടപ്പു വർഷം മുതൽ തൊഴിലുറപ്പ് പദ്ധതി ബാക്കി 10 ജില്ലകളിലേയ്ക്ക് വ്യാപിപ്പിച്ചിട്ടുണ്ട്. ഇതിനോടകം ഈ ജില്ലകളിൽ ആകെ 1245227 കുടുംബങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രവർ&ന പുരോഗതി സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1. | രജിസ്ട്രേഷൻ | 17.75 ലക്ഷം കുടുംബങ്ങൾ |
| 2. | തൊഴിൽ കാർഡ് നൽകിയത് | 7.88 ലക്ഷം കുടുംബങ്ങൾ |
| 3. | തൊഴിൽ നൽകിയത് | 1.096 ലക്ഷം കുടുംബങ്ങൾ |
| 4. | സൃഷ്ടിച്ച തൊഴിൽ ദിനങ്ങൾ<br>i) പട്ടിക ജാതി<br>ii) പട്ടിക വർഗ്ഗം<br>iii) മറ്റുള്ളവർ<br>iv) സ്ത്രീകൾ | 17.21 ലക്ഷം രൂപ<br>3.81 ലക്ഷം രൂപ<br>1.31 ലക്ഷം രൂപ<br>12.81 ലക്ഷം രൂപ<br>14.55 ലക്ഷം രൂപ |
| 5. | 100 ദിവസം തൊഴിൽ ലഭിച്ച കുടുംബങ്ങൾ | 31 |
| 6. | വികലാംഗരായ തൊഴിലാളികളുടെ എണ്ണം | 180 |
| 7. | ആകെ ലഭിച്ച തുക | 11653.45 ലക്ഷം രൂപ |
| | i) പ്രാരംഭ ബാക്കി 1563.96 ലക്ഷം രൂപ<br>ii) കേന്ദ്ര വിഹിതം 10088.24 ലക്ഷം രൂപ<br>iii) മറ്റുവരവ് 1.25 ലക്ഷം രൂപ | |
| 8. | ആകെ ചെലവ്<br>i) അവിദഗ്ധ തൊഴിലാളികൾക്ക് കൂലിയിന&ിൽ ചെലവായ തുക 1923.23 ലക്ഷം രൂപ<br>ii) വിദഗ്ധ തൊഴിലാളികൾക്ക് കൂലിയിന&ിൽ ചെലവായ തുക 30.90 ലക്ഷം രൂപ<br>iii) സാധനസാമഗ്രികളുടെ ചെലവ് 177.44 ലക്ഷം രൂപ<br>iv) ഭരണ ചെലവ് 207.78 ലക്ഷം രൂപ | 2339.35 ലക്ഷം രൂപ |
| 9. | ശരാശരി കൂലി | 111.75 രൂപ |
| 10. | ആരംഭിച്ച ബാങ്ക് അക്കൗണ്ടുകളുടെ എണ്ണം | 2.78 ലക്ഷം |
| 11. | ബാങ്ക് അക്കൗണ്ടിലൂടെ വിതരണം ചെയ്ത തുക | 1923.23 ലക്ഷം |
| 12. | ആരംഭിച്ച പോസ്റ്റ് ഓഫീസ് അക്കൗണ്ടുകളുടെ എണ്ണം | 369 |
| 13. | പോസ്റ്റ് ഓഫീസ് അക്കൗണ്ടുകളിലൂടെ വിതരണം ചെയ്ത തുക | 12.08 ലക്ഷം |

തൊഴിലുറപ്പു പദ്ധതി വനപ്രദേശങ്ങളിലും വനാതിർ&ികളിലും ചെയ്യാനുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കാൻ വനംവകുപ്പിന്റെ സഹകരണ&ോടെ നടപടികൾ ആരംഭിച്ചു. തൊഴിലുറപ്പ് പദ്ധതിയുടെ സാമൂഹ്യ ഓഡിറ്റ് (social audit) നട&ുവാനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഇതിൻ പ്രകാരം പാലക്കാട്, വയനാട്, കാസർകോഡ് ജില്ലകളിലായി 319 സോഷ്യൽ ഓഡിറ്റ് ഗ്രാമസഭകൾ നട&ിയിട്ടുണ്ട്.

3

തൊഴിലുറപ്പ് പദ്ധതിയിലെ ഏറ്റെടു& പ്രവർ&ികളുടെ എല്ലാ മസ്റ്റർ റോളുകളും ഇപ്പോൾ പരിശോധിച്ചു വരികയാണ്. കൂലി നൽകുന്നതിൽ ഉണ്ടായിട്ടുള്ള കാലതാമസം, ഭരണ-സാങ്കേതിക അനുമതികൾ മസ്റ്റർ റോളിൽ രേഖപ്പെടു&ാതിരിക്കൽ, കൂലി സംബന്ധമായ വിവരങ്ങൾ ശരിയായ രീതിയിൽ രേഖപ്പെടു&ാതിരിക്കൽ, നൽകിയ കൂലി സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടു&ാതിരിക്കൽ തുടങ്ങിയ അപാകതകൾ ഈ പരിശോധനയുടെ ഭാഗമായി കണ്ടെ&ുകയും പരിഹാര നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഇപ്പോൾ തൊഴിലുറപ്പ് പദ്ധതിയിലെ കൂലി നൽകുന്നത് PWD നിരക്കുകളുടെ അടിസ്ഥാന&ിലാണ്. എന്നാൽ ശാസ്ത്രീയമായ പഠനങ്ങളുടെ നിഗമന&ിൽ നിർണ്ണയിക്കുന്ന പ്രാദേശിക നിരക്കുകളായിരിക്കണം പദ്ധതിയിലെ കൂലി ഇന&ിനായി അനുവർ&ിക്കേണ്ടത് എന്ന് കേന്ദ്ര മാർഗ്ഗനിർദ്ദേശങ്ങൾ സൂചിപ്പിക്കുന്നുണ്ട്. ഇതിനായി **Time and Motion Study** നട&ുന്നതിന് എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജി എന്ന സ്ഥാപനതെ& ചുമതലപ്പെടു&ിയിട്ടുണ്ട്.

തൊഴിലുറപ്പ് പദ്ധതി ആവശ്യാധിഷ്ഠിത **(Demand based)** പദ്ധതിയാണ്. ഈ പദ്ധതിയിൽ മുൻകൂർ അലോക്കേഷൻ നിശ്ചയിച്ചിട്ടില്ല. പാലക്കാട്, വയനാട്, കാസർകോട്, ഇടുക്കി ജില്ലകളുടെ ലേബർ ബഡ്ജറ്റ് തയ്യാറാക്കി കേന്ദ്രസർക്കാരിനു നൽകുകയും അതിന്റെ അടിസ്ഥാന&ിൽ **4** ജില്ലകൾക്ക് **2008-09** സാമ്പ&ിക വർഷം **201.91** കോടി രൂപ പദ്ധതി വിഹിതമായി അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ കേന്ദ്രവിഹിതം **189.79** കോടി രൂപയാണ്. ആദ്യ ഗഡുവായി **94.90** കോടി രൂപ കേന്ദ്രസർക്കാർ റിലീസ് ചെയ്തിട്ടുണ്ട്. ബാക്കി **10** ജില്ലകളുടെ ലേബർ ബഡ്ജറ്റ് ഉടൻതന്നെ കേന്ദ്രസർക്കാരിന്റെ പരിഗണനയ്ക്ക് അയച്ചു കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**13.5.2008** ലെ സർക്കാർ ഉ&രവ് ജി.ഒ.(ആർ.റ്റി.) **1409/08**/ത.സ്വ.ഭ.വ. പ്രകാരം മൂന്നാം ഘട്ട&ിൽ ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെട്ട **10** ജില്ലകളിലെ പരിപ്രേക്ഷ്യ പദ്ധതി തയ്യാറാക്കുന്നതിന് പ്രാഗത്ഭ്യവും മുൻപരിചയവുമുള്ള **6** ഏജൻസികളെ ചുമതലപ്പെടു&ിയിരിക്കുകയാണ്. അവർ പ്രവർ&നം ആരംഭിച്ചിട്ടുണ്ട്.

തൊഴിൽ കാർഡുടമകൾക്ക് അക്കൗണ്ട് തുടങ്ങുന്നതിന് പോസ്റ്റ് ഓഫീസിന്റെ സേവനം കൂടി ഉപയോഗപ്പെടു&ുന്നതിന് അംഗീകാരം നൽകുകയും ഇതു സംബന്ധിച്ച് പോസ്റ്റൽ വകുപ്പും സർക്കാരും ധാരണാ പത്രം അംഗീകരിച്ചിട്ടുണ്ട്.

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൻ കീഴിൽ തീരദേശങ്ങളിലും തോട്ടം മേഖലയിലും ഏറ്റെടുക്കാവുന്ന പ്രവർ&ികൾ കണ്ടെ&ുന്നതിന് ബുദ്ധിമുട്ട് അനുഭവപ്പെടുന്നതിനാൽ ഈ മേഖലയിൽ ഏറ്റെടുക്കാവുന്ന മണ്ണ്-ജല-ജൈവ പരിപോഷണ&ിനുതകുന്ന പ്രവർ&ികൾ കണ്ടെ&ുന്നതിന് രണ്ട് വിദഗ്ധ സമിതികളെ നിശ്ചയിച്ചിട്ടുണ്ട്.

ഖര-ദ്രവ മാലിന്യ സംസ്കരണ സംവിധാനങ്ങളുടെ അപര്യാപ്തത ഇന്ന് കേരളം നേരിടുന്ന ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങളിലൊന്നാണ്. ഇ&രം പ്രവർ&ികൾ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൻകീഴിൽ ഏറ്റെടുക്കാവുന്ന പ്രവർ&ികളുടെ പട്ടികയിൽ ഉൾപ്പെട്ടിട്ടില്ല. ആയതിനാൽ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർ പട്ടികജാതി/പട്ടിക വർഗ്ഗക്കാർ, ഭൂപരിഷ്കരണ&ിന്റെയും ഇന്ദിരാ ആവാസ് യോജനയുടേയും ഗുണഭോക്താക്കൾ എന്നിവരുടെ ഭൂമിയിൽ സോക്ക് പിറ്റ്, ഗാർബേജ് പിറ്റ് എന്നിവയുടെ നിർമ്മാണം തൊഴിലുറപ്പ് നിയമ&ിന്റെ ഒന്നാം പട്ടികയിൽ ഉൾപ്പെടു&ണമെന്ന് കേന്ദ്രഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

6

4

ദേശീയ തൊഴിലുറപ്പ് പദ്ധതിയിലെ ഒന്നാം ഘട്ട ജില്ലകളായ പാലക്കാടും, ...നാടും MIS ന്റെ പ്രവർത്തനം 1.4.2008 മുതൽ ആരംഭിച്ചിട്ടുണ്ട്. രണ്ടാം ഘട്ട ...കളിൽ 31.7.2008 ന് മുമ്പും മൂന്നാം ഘട്ട ജില്ലകളിൽ 31.8.2008 ന് മുമ്പും MIS ...ർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ചർച്ചയ്ക്കായി ആവിർഭവിക്കുന്ന വിഷയങ്ങൾ

1) സംസ്ഥാനത്ത് തൊഴിലുറപ്പ് പദ്ധതിയിൽ 7.88 ലക്ഷം കുടുംബങ്ങൾക്ക് തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്. ഇതിൽ പട്ടിക ജാതി വിഭാഗത്തിൽപ്പെട്ടവർ 1.11 ലക്ഷവും പട്ടിക വർഗ്ഗവിഭാഗത്തിൽപ്പെട്ടവർ 0.64 ലക്ഷവുമാണ്. അർഹരായ മുഴുവൻ പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗങ്ങളിലെ കുടുംബങ്ങൾക്കും തൊഴിൽ കാർഡുകൾ നൽകാൻ നടപടി സ്വീകരിക്കുക.

2) കൃഷി പുനരുജ്ജീവനത്തിന്റെ ഭാഗമായി തരിശ് നിലങ്ങളിൽ നെൽകൃഷി ചെയ്യുന്നതിനും പച്ചക്കറി കൃഷി ചെയ്യുന്നതിനും ജനകീയാസൂത്രണം ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി എന്നിവ സമന്വയിപ്പിച്ച് നടത്തേണ്ട നടപടികൾ നിർദ്ദേശിക്കുക.

3) കേരളത്തിലെ വനപ്രദേശത്തിന്റെ വലിയൊരു ഭാഗം പദ്ധതി നടപ്പിലാക്കുന്ന വയനാട്, പാലക്കാട്, ഇടുക്കി, പത്തനംതിട്ട, കണ്ണൂർ ജില്ലകളിലാണ്. മറ്റു ജില്ലകളായ തിരുവനന്തപുരം, കൊല്ലം, കോട്ടയം, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട് എന്നിവിടങ്ങളിലും വനഭൂമിയുണ്ട്. ഇവയുടെ സംരക്ഷണവും പരിസ്ഥിതി പുനഃസ്ഥാപനവും തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുക്കുക.

4) തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിലാളികളെ സംഘടിപ്പിച്ചുകൊണ്ട് ലേബർ ബാങ്കുകൾ രൂപീകരിക്കണം.ഒരു ഗ്രാമപഞ്ചായത്തിലെ ലേബർ ബാങ്കിന് മൂന്നു തട്ടുകൾ ഉണ്ടായിരിക്കേണ്ടതാണ്. (1) ലേബർ ടീമുകൾ, (2) വാർഡുതല പ്രാഥമിക സംഘങ്ങൾ (3) ലേബർ ബാങ്ക്. ദേശീയ തൊഴിലുറപ്പ് പദ്ധതിയിലെ പ്രവർത്തികളും കാർഷിക മേഖലയിലെ പ്രവർത്തനങ്ങളും നടപ്പാക്കുന്നതിനാണ് ലേബർ ബാങ്കുകൾ രൂപീകരിക്കുന്നത്. തൊഴിലാളികൾ സ്ഥിരമായി താമസിച്ചുകൊണ്ടിരിക്കുന്ന സ്ഥലത്ത് 10 മുതൽ 30 വരെ പേർ ചേരുന്നതായിരിക്കും ലേബർ ടീം. ഒരു പഞ്ചായത്തിലെ ഒരു വാർഡിൽ രൂപം കൊള്ളുന്ന എല്ലാ ലേബർ ടീമുകളെയും ഉൾപ്പെടുത്തി ലേബർ സംഘങ്ങളും എല്ലാ വാർഡിലെയും ലേബർ സംഘങ്ങളെ ഉൾപ്പെടുത്തി ലേബർ ബാങ്കും രൂപീകരിയ്ക്കുക.

5) കർഷകരുടെയും കർഷകത്തൊഴിലാളികളുടെയും സംഘടനകളുമായി ചർച്ച ചെയ്തശേഷം പ്രാദേശികമായി ലേബർ ബഡ്ജറ്റ് തയ്യാറാക്കുന്നുണ്ട്. കൃഷിപ്പണിയുള്ള കാലയളവ് ഒഴിവാക്കിയാണ് ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ പ്രവർത്തികൾ നടക്കുന്നത്. സംസ്ഥാന തലത്തിൽ ടി കാര്യത്തിൽ കർഷ കരുടെയും കർഷകത്തൊഴിലാളി സംഘടനകളുടെയും സംസ്ഥാന നേതാക്കളുടെ യോഗം 24.6.2008 ന് ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി വിളിച്ചു കൂട്ടി അഭിപ്രായം സ്വരൂപിച്ചിട്ടുണ്ട്. കൃഷിപ്പണികൾക്ക് തടസ്സമില്ലാതെ ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ പണികൾക്കായി കലണ്ടർ ഓഫ് വർക്ക് തയ്യാറാക്കി നടപ്പാക്കുക.

6) പദ്ധതിയിലെ പ്രവർത്തികൾക്ക് എസ്റ്റിമേറ്റ് എടുക്കുന്നതിനും അളവുകൾ രേഖപ്പെടുത്തുന്നതിനും അതാത് പ്രദേശത്തു തന്നെയുള്ള ഹയർസെക്കണ്ടറി/+2 വരെയെങ്കിലും കണക്ക്, ഊർജ്ജതന്ത്രം എന്നീ വിഷയങ്ങൾ ഐച്ഛികമായി ഫസ്റ്റ്

5 ഗ്രൂപ്പ് എടു&ു പാസ്സായിട്ടുള്ള ആഭിമുഖ്യമുള്ള കുടുംബശ്രീ അയൽക്കൂട്ട അംഗങ്ങൾക്ക് പരിശീലനം നൽകി "ബെയർ ഫുട്ട് എഞ്ചിനീയർമാരായി" മാറ്റുന്നതിന് അംഗീകാരം നൽകുന്നത് സംബന്ധിച്ച്.

8

# സംസ്ഥാന വികസന കൗൺസിൽ

അജണ്ട നമ്പർ. 3 സമ്പൂർണ്ണ ശുചിത്വ യജ്ഞം.

2008 ജനുവരി 31 ലെ സർക്കാർ ഉത്തരവ് 31/2008/ത.സ്വ.ഭ.വ പ്രകാരം മാലിന്യ നിർമ്മാർജ്ജനത്തിന് ക്ലീൻ കേരള മിഷനും, കേരള സമ്പൂർണ ശുചിത്വ ആരോഗ്യ മിഷനും സംയോജിപ്പിക്കുകയും 2008 ഏപ്രിൽ 7 ലെ സർക്കാർ ഉത്തരവ് 109/08/ത.സ്വ.ഭ.വ പ്രകാരം ശുചിത്വ മിഷൻ എന്ന പേര് നൽകി. നഗര പ്രദേശത്തേയും പഞ്ചായത്ത് പ്രദേശത്തേയും ശുചിത്വ പ്രശ്നങ്ങൾ ഫലപ്രദമായി പരിഹരിക്കുന്നതിനുളള മാർഗ്ഗ നിർദ്ദേശവും സാങ്കേതിക സഹായവും പുതിയതായി രൂപം കൊടുത്ത ശുചിത്വ മിഷൻ നിർവഹിച്ചു വരുന്നു.

11-ാം പഞ്ചവൽസര പദ്ധതിയുടെ അവസാനത്തോടുകൂടി മാലിന്യ മുക്ത കേരളം പരിപാടി ലക്ഷ്യമിട്ടിരിക്കുന്ന നേട്ടങ്ങൾ കൈവരിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ പ്രാപ്തരാക്കുന്നതിന് ഈ സ്ഥാപനത്തിന്റെ സേവനങ്ങൾ പ്രയോജനപ്പെടും എന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്. ഈ സ്ഥാപനം വഴി താഴെ പറയുന്ന സേവനങ്ങൾ ലഭ്യമാണ്:

1. ഗ്രാമീണ മേഖലയിൽ ബി.പി.എൽ വിഭാഗത്തിൽപ്പെടുന്നവർക്കുള്ള വ്യക്തിഗത കക്കൂസ്, സ്കൂൾ ടോയ്‌ലറ്റുകൾ, അംഗനവാടി ടോയ്‌ലറ്റുകൾ, സാമൂഹ്യ ശുചിത്വ സമുച്ചയങ്ങൾ, റൂറൽ സാനിറ്ററി മാർട്ടുകൾ, സ്വയം സഹായ ഗ്രൂപ്പുകൾക്ക് റിവോൾവിംഗ് ഫണ്ട്, ഖരദ്രവ മാലിന്യ പ്രോജക്ടുകൾ എന്നിവയ്ക്കുള്ള സാമ്പത്തിക സഹായം നൽകുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ സമ്പൂർണ്ണ ശുചിത്വ യജ്ഞം (TSC) പരിപാടിയുടെ നടത്തിപ്പ്.
2. ശുചിത്വ പ്രോജക്ടുകൾ തയ്യാറാക്കുന്നതിനുള്ള വിദഗ്ധ ഉപദേശം നൽകൽ.
3. ബൃഹത്തായ ഖരദ്രവ മാലിന്യ സംസ്ക്കരണ ശുചിത്വ പ്രോജക്ടുകൾ പരിശോധിച്ച് സാങ്കേതിക അഭിപ്രായം നൽകൽ
4. കേന്ദ്രാവിഷ്കൃത പദ്ധതികൾ വഴി സാമ്പത്തിക സഹായം ലഭ്യമാക്കാൻ കഴിയാത്ത നഗരപ്രദേശങ്ങളിലെ ശുചിത്വ പ്രോജക്ടുകൾക്ക് സംസ്ഥാന ബഡ്ജറ്റിൽ നിന്നും ആനുപാതികമായി സാമ്പത്തിക വിഹിതം നൽകൽ.
5. ശുചിത്വ മേഖലയിൽ പ്രവർത്തിക്കുന്ന ഇതര സ്ഥാപനങ്ങളുമായി/ വകുപ്പുകളുമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ കൂട്ടിയോജിപ്പിക്കൽ.
6. ശുചിത്വ പ്രോജക്ടുകളുടെ ഇവാല്യുവേഷൻ പഠനവും റിപ്പോർട്ടിംഗും.
7. വിപുലമായ വിവര വിദ്യാഭ്യാസ വിനിമയ പ്രവർത്തനങ്ങളിലൂടെ ശുചിത്വ ബോധം സൃഷ്ടിക്കുകയും ആരോഗ്യകരമായ പരിസരം വീടുകളിലും, തൊഴിലിടങ്ങളിലും, പൊതുവിടങ്ങളിലും ഉറപ്പുവരുത്തി കേരളത്തിന്റെ പരിസ്ഥിതി മെച്ചപ്പെടുത്തുക.

ശുചിത്വ മിഷന്റെ പരിധിയിൽ വരുന്ന പ്രധാന ഘടകങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

1. സമ്പൂർണ്ണ ശുചിത്വ യജ്ഞം (TSC)

സമ്പൂർണ്ണ ശുചിത്വ യജ്ഞ പരിപാടി (TSC) കേന്ദ്രാവിഷ്കൃത പദ്ധതിയായി 2001 ൽ ആരംഭിച്ചു. ഖര/ദ്രവമാലിന്യ പരിപാലനം, റിവോൾവിംഗ് ഫണ്ട് എന്നി ഘടകങ്ങൾ ഉൾപ്പെടുത്തിയും ഫണ്ട് ഷെയറിംഗ് രീതിയിൽ മാറ്റം വരുത്തിയും 01.04.2006 മുതൽ സമ്പൂർണ്ണ ശുചിത്വ യജ്ഞം പരിപാടിയുടെ മാർഗ്ഗ രേഖ ഭേദഗതി ചെയ്തിട്ടുണ്ട്. ഗ്രാമ പ്രദേശത്തെ ജന ജീവിതത്തിന്റെ പൊതുവായ ഗുണമേന്മ വർദ്ധിപ്പിക്കുക, ശുചിത്വ പരിപാടി വ്യാപകവും ത്വരിതവും ആക്കുക, ആരോഗ്യ വിദ്യാഭ്യാസം, ബോധവൽക്കരണം എന്നിവയിലൂടെ ആവശ്യകത ജനിപ്പിക്കുക, വിദ്യാലയങ്ങളിലും അംഗനവാടികളിലും ശുചിത്വ സൗകര്യങ്ങൾ ഏർപ്പെടുത്തി പരിപാടി വ്യാപിപ്പിക്കുക, ചെലവു ചുരുങ്ങിയ - അനുയോജ്യമായ സാങ്കേതിക വിദ്യകൾ പ്രോത്സാഹിപ്പിക്കുക. ജലജന്യ രോഗങ്ങളുടെ വ്യാപനം കുറയ്ക്കുക എന്നിവയാണ് പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ.

14 ജില്ലകളിലും നടപ്പിലാക്കിക്കൊണ്ടിരുന്ന സമ്പൂർണ്ണ ശുചിത്വ യജ്ഞം പ്രോജക്ടുകൾ (രൂപ 11969.79 ലക്ഷം അടങ്കൽ തുക) പുതുക്കി സമർപ്പി ക്കുകയും 20984.08 ലക്ഷം രൂപയ്ക്കുളള പുതുക്കിയ പദ്ധതികൾക്ക് 2007 ൽ കേന്ദ്ര സർക്കാരിന്റെ അംഗീകാരം നേടുകയും ചെയ്തു. ഇതുപ്രകാരം 90 കോടി രൂപയുടെ പ്രോജക്ട് വർദ്ധനവ് നേടിയെടുക്കാൻ സാധിച്ചു.

നാളിതുവരെയായി 6570.04 ലക്ഷം രൂപ കേന്ദ്ര വിഹിതമായും 2716.32 ലക്ഷം രൂപ സംസ്ഥാന വിഹിതമായും അനുവദിച്ചിട്ടുണ്ട്. നടപ്പു സാമ്പത്തിക വർഷം 81.90 ലക്ഷം രൂപ കേന്ദ്ര വിഹിതമായും 82.52 ലക്ഷം രൂപ സംസ്ഥാന വിഹിതമായും അനുവദിച്ചിട്ടുണ്ട്. കേന്ദ്ര - സംസ്ഥാന സർക്കാരുകൾ അനുവദിച്ച ഫണ്ടിന്റെ യഥാക്രമം 80%വും, 87% വും സാമ്പത്തിക പുരോഗതി 30.06.2008 വരെ കൈവരി ച്ചിട്ടുണ്ട്. നടപ്പു സാമ്പത്തിക വർഷത്തോടുകൂടി എല്ലാ വ്യക്തി ഗത കക്കൂസുകളും (962431) സ്കൂൾ (3600) അംഗനവാടി (4580) കക്കൂസുകളും പൂർത്തിയാക്കുവാനാണ് ലക്ഷ്യമിട്ടിട്ടുളളത്. ഗാർഹിക കക്കൂസുകളും, സ്ക്കൂൾ ടോയ്ലറ്റുകളുടേയും പണി ഡിസംബർ 2008 ന് പൂർത്തീകരിക്കുന്നതിനുവേണ്ട നിർദേശം ജില്ലാ തലത്തിൽ നൽകിയിട്ടുണ്ട്. ടി.എസ്.സി യിൽ കേന്ദ്ര സർക്കാർ ഉൾപ്പെടുത്തിയ പുതിയ ഘടകമായ ഖര-ദ്രവ മാലിന്യ നിർമ്മാർജ്ജനത്തിനായി 19.89 കോടി രൂപ അടങ്കൽ തുക (209.84 കോടി രൂപ) വക കൊളളിച്ചിട്ടുണ്ട്.

2 വർഷത്തെ നേട്ടം (ഭൗതികം)

| വർഷം | ഇനം | | | | | | | |
|---|---|---|---|---|---|---|---|---|
| | വ്യക്തിഗത കക്കൂസ് | | സ്കൂൾ ടോയ്‌ലറ്റ് | | കമ്മ്യൂണിറ്റി സാനിട്ടറി കോംപ്ലക്സ് | | അംഗനവാടി ടോയ്‌ലറ്റ് | |
| | ലക്ഷ്യം | നേട്ടം | ലക്ഷ്യം | നേട്ടം | ലക്ഷ്യം | നേട്ടം | ലക്ഷ്യം | നേട്ടം |
| 2007 | | 93897 | | 231 | | 26 | | 213 |
| 2008 | | 247152 | | 648 | | 63 | | 1383 |

2 വർഷത്തെ നേട്ടം (സാമ്പത്തികം) (രൂപ ലക്ഷത്തിൽ)

| | കേന്ദ്ര വിഹിതം | | | സംസ്ഥാന വിഹിതം | | |
|---|---|---|---|---|---|---|
| വർഷം | അനുവദിച്ചത് | ചിലവ് | % | അനുവദിച്ചത് | ചിലവ് | % |
| 2007 | 363.18 | * 673.83 | | 345.13 | * 406.99 | |
| 2008 | 2229.06 | 1408.58 | | 744.08 | 662.85 | |

* മുൻവർഷത്തെ നീക്കിയിരിപ്പുൾപ്പെടെ

## 2. നിർമ്മൽ ഗ്രാമ പുരസ്കാർ

സമ്പൂർണ്ണ ശുചിത്വ പദ്ധതികളുടെ നടത്തിപ്പ് കാര്യക്ഷമവും മത്സരാധിഷ്ഠിതവുമാക്കുന്നതിനു വേണ്ടി ഭാരത സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള അവാർഡാണ് നിർമ്മൽ ഗ്രാമ പുരസ്കാരം. പ്രശംസാ പത്രവും, ഫലകവും, പണവും അവാർഡിൽ ഉൾപ്പെടുന്നു. നൂറുശതമാനം ശുചിത്വം കൈവരിച്ച ഗ്രാമ പഞ്ചായത്തുകൾ, ബ്ലോക്ക് പഞ്ചായത്തുകൾ, ജില്ലകൾ എന്നിവയെയാണ് ഇതിലേക്കായി പരിഗണിയ്ക്കുന്നത്.

100% വീടുകളിലും സാനിട്ടേഷൻ, 100% സ്കൂളുകളിലും സാനിട്ടേഷൻ, 100% അംഗനവാടികളിലും സാനിട്ടേഷൻ, തുറസ്സായ സ്ഥലത്തെ മലവിസർജ്ജനം, ഡ്രൈലാട്രിൻ, തോട്ടിപ്പണി എന്നിവ പൂർണ്ണമായും ഇല്ലാത്ത സ്ഥിതി, വൃത്തിയുള്ള പരിസ്ഥിതിയുടെ പരിപാലനം എന്നീ വ്യവസ്ഥകളുടെ അടിസ്ഥാനത്തിലാണ് പുരസ്കാരത്തിനായി തദ്ദേശ ഭരണ സ്ഥാപനങ്ങളെ തിരഞ്ഞെടുക്കുന്നത്.

ജനസംഖ്യയെ അടിസ്ഥാനമാക്കി താഴെ കൊടുത്തിട്ടുള്ള പട്ടികയെ അടിസ്ഥാനമാക്കിയാണ് പാരിതോഷിക ഘടന.

| ക്രമ നം. | വിവരണം | ഗ്രാമ പഞ്ചായത്ത് | | | ബ്ലോക്ക് പഞ്ചായത്ത് | | ജില്ലാ പഞ്ചായത്ത് | |
|---|---|---|---|---|---|---|---|---|
| 1. | ജനസംഖ്യാ മാനദണ്ഡങ്ങൾ | 5000 വരെ | 5001 നു മേൽ | 10000 നു മേൽ | 50000 വരെ | 50001 നു മേൽ | 10 ലക്ഷം വരെ | 10 ലക്ഷത്തിനു മേൽ |
| 2. | നിർദ്ദേശിച്ചിട്ടുള്ള പാരിതോഷികം (പണമായി) | 2 ലക്ഷം | 4 ലക്ഷം | 5 ലക്ഷം | 10 ലക്ഷം | 20 ലക്ഷം | 30 ലക്ഷം | 50 ലക്ഷം |
| 3. | വ്യക്തികൾക്കുള്ള പാരിതോഷികം | 10000 രൂപ | | | 20000 രൂപ | | 30000 രൂപ | |
| 4 | പഞ്ചായത്തു സ്ഥാപനങ്ങളല്ലാത്ത മറ്റു സംഘടനകൾക്കുള്ള പാരിതോഷികം | 20000 രൂപ | | | 35000 രൂപ | | 50000 രൂപ | |

2005 ൽ പീലിക്കോട് (കാസർഗോഡ്) പഞ്ചായത്തിനും 2006 ൽ 5 ഗ്രാമ പഞ്ചായത്തുകൾക്കും 2007 ൽ 219 ഗ്രാമപഞ്ചായത്തുകൾക്കും 6 ബ്ലോക്ക് പഞ്ചായത്തുകൾക്കും നിർമ്മൽ ഗ്രാമ പുരസ്കാരം നേടിയെടുക്കാൻ സാധിച്ചു.

എ) 2006 ൽ നിർമ്മൽ ഗ്രാമ പുരസ്ക്കാരം ലഭിച്ച ഗ്രാമ പഞ്ചായത്തുകൾ

| നം. | ജില്ലയുടെ പേര് | ഗ്രാമ പഞ്ചായത്തുകളുടെ എണ്ണം |
|---|---|---|
| 01. | കണ്ണൂർ | 2 |
| 02. | പാലക്കാട് | 2 |
| 03. | തൃശൂർ | 1 |
| 04. | കോട്ടയം | 1 |
| | ആകെ | 6 |

ബി) 2007 ൽ നിർമ്മൽ ഗ്രാമ പുരസ്ക്കാരം ലഭിച്ച ഗ്രാമ പഞ്ചായത്തുകൾ

| നം. | ജില്ലയുടെ പേര് | ഗ്രാമ പഞ്ചായത്തുകളുടെ എണ്ണം |
|---|---|---|
| 01. | കണ്ണൂർ | 25 |
| 02. | വയനാട് | 2 |
| 03. | കോഴിക്കോട് | 26 |
| 04. | മലപ്പുറം | 2 |
| 05. | പാലക്കാട് | 19 |
| 06. | തൃശൂർ | 59 |
| 07. | എറണാകുളം | 28 |
| 08. | ഇടുക്കി | 9 |
| 09. | കോട്ടയം | 3 |
| 10. | ആലപ്പുഴ | 6 |
| 11. | കൊല്ലം | 29 |
| 12. | തിരുവനന്തപുരം | 11 |
| | ആകെ | 219 |

സി) 2007 ൽ നിർമ്മൽ ഗ്രാം പുരസ്ക്കാരം ലഭിച്ച ബ്ലോക്ക് പഞ്ചായത്തുകൾ

| നം. | ജില്ലയുടെ പേര് | ബ്ലോക്ക് പഞ്ചായത്തുകളുടെ എണ്ണം |
|---|---|---|
| 01. | തിരുവനന്തപുരം | 1 |
| 02. | തൃശൂർ | 4 |
| 03. | കണ്ണൂർ | 1 |
| | ആകെ | 6 |

നിർമ്മൽ ഗ്രാമ പുരസ്കാർ അവാർഡ് വഴി 2007 ൽസംസ്ഥാനത്തിന് കേന്ദ്ര സർക്കാരിൽ നിന്നും 1215 ലക്ഷം രൂപ അവാർഡുതുകയായി ഇതിനോടകം ലഭിച്ചിട്ടുണ്ട്. 2008 ലെ അവാർഡിനായി തൃശൂർ, കണ്ണൂർ, കോഴിക്കോട്, വയനാട്, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട എന്നീ ജില്ലകൾ നിർമ്മൽ ഗ്രാമ പുരസ്കാർ ജില്ലകൾക്കുളള അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. 2008 ൽ 637 ഗ്രാമ പഞ്ചായത്തുകളുടെയും 110 ബ്ലോക്ക് പഞ്ചായത്തുകളുടെയും, 7 ജില്ലാ പഞ്ചായത്തുകളുടെയും നിർമ്മൽ ഗ്രാമ പുരസ്കാർ അപേക്ഷകളാണ് കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്കായി അയച്ചിട്ടുളളത്.

ഡി) നിർമ്മൽ സംസ്ഥാനം

സംസ്ഥാനം ഒന്നാകെ നിർമൽഗ്രാമ പുരസ്കാരം നേടിയെടുക്കുന്നതിന് വേണ്ടിയുള്ള പ്രവർത്തനങ്ങളാണ് സംഘടിപ്പിച്ചുവരുന്നത് 2008 ഒക്ടോബർ 31 ന് മുമ്പ് അപേക്ഷ അയക്കുന്നതിനായി ഉദ്ദേശിക്കുന്നത്.

## 3. മാലിന്യമുക്ത കേരളം കാമ്പയിൻ

2006 ഒക്ടോബർ 2 മുതൽ മാലിന്യസംസ്കരണത്തിനായി തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ "മാലിന്യമുക്ത കേരളം" പദ്ധതിക്ക് തുടക്കം കുറിച്ചു. ഒക്ടോബർ 2 മുതൽ സംസ്ഥാനത്താകെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടന്ന വിപുലമായ ശുചീകരണ കാമ്പയിനോടെയാണ് ഈ പ്രവർത്തനത്തിന് തുടക്കം കുറിച്ചത്. അതാത് തദ്ദേശ സ്വയം ഭരണ സ്ഥാപന തലത്തിൽ നടന്ന പഞ്ചായത്ത് തല കൺവെൻഷനിൽ വച്ച് കർമ്മ സമിതികൾ രൂപീകരിക്കുകയും ചെയ്തു. എല്ലാ പഞ്ചായത്തുകളിലും മാലിന്യത്തെ സംബന്ധിച്ച വിശദമായ സർവെ നടത്തുകയും പ്രത്യേക ഗ്രാമ സഭ വിളിച്ചുകൂട്ടി ചർച്ച ചെയ്യുകയും ചെയ്തു. ആകെയുളള 999 ഗ്രാമപഞ്ചായത്തുകളിലും നയസമീപനരേഖ തയ്യാറാക്കി കഴിഞ്ഞിട്ടുണ്ട്. സാങ്കേതിക മേൽനോട്ടം വഹിക്കുന്നതിനായി 15-20 പേരടങ്ങുന്ന ജില്ലാതല ടെക്നിക്കൽ സപ്പോർട്ട് ഗ്രൂപ്പ് എല്ലാ ജില്ലകളിലും രൂപീകരിച്ച് പ്രവർത്തനങ്ങൾക്കാകെ നേതൃത്വം നൽകുന്നു. ഗ്രാമ പഞ്ചായത്ത് തലത്തിൽ 20-30 പേരടങ്ങുന്ന ഹെൽത്ത് പ്രമോഷൻ ടീം രൂപീകരിച്ച് ആവശ്യമായ പരിശീലനം

നൽകുകയുണ്ടായി. കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ 5 തീവ്ര ശുചീകരണ പരിപാടികൾ സംഘടിപ്പിച്ച് മാലിന്യ നിർമ്മാർജ്ജന പ്രവർത്തനത്തിലും ആരോഗ്യ സംരക്ഷണ പ്രവർത്തനത്തിലും പങ്കാളികളാകുന്നതിന് ജനങ്ങളെ കർമോത്സുകരാക്കി 2006 ഒക്ടോബർ, 2007 മെയ്, 2007 ജൂലൈ, 2007 ഒക്ടോബർ, 2008 മെയ് എന്നി മാസങ്ങളിലാണ് ഇത് നടപ്പിലാക്കിയത്. സ്കൂളുകൾ, ആശുപത്രികൾ, അങ്കണവാടികൾ എന്നിവിടങ്ങളിലെ ശുചീകരണം, ചന്തകളുടെയും, പൊതു സ്ഥലങ്ങളുടെയും ശുചീകരണം, വെള്ളം കെട്ടിക്കിടക്കുന്നത് ഒഴിവാക്കി കൊതുക് പെരുകുന്നത് തടയുന്നതിനായി 'ഡ്രൈഡേ ആചരണം' എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയുണ്ടായി. സ്വയം സഹായ സംഘങ്ങൾ, വിദ്യാർത്ഥികൾ, തദ്ദേശ ജനപ്രതിനിധികൾ എന്നിവർക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനും തീവ്ര ശുചീകരണപരിപാടിയിൽശ്രദ്ധിക്കുകയുണ്ടായി. ഖരമാലിന്യ സംസ്കരണത്തെക്കുറിച്ച് ഇംഗ്ലീഷിലും മലയാളത്തിലും ടെക്നിക്കൽ മാന്വൽ തയ്യാറാക്കിയിട്ടുണ്ട്. ഈ വർഷം മാലിന്യ സംസ്കരണ പ്രോജക്ടുകൾ തയ്യാറാക്കുന്നതിലേക്കായി ശുചിത്വ മേഖലയിലെ വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾക്കും എല്ലാ വർക്കിംഗ് ഗ്രൂപ്പ് കൺവീനർമാർക്കും, ചെയർമാൻമാർക്കും ആവശ്യമായ പരിശീലനം നല്കാൻ നടപടികൾ സ്വീകരിച്ചു. കൊതുകിനെയും ഈച്ചയേയും പരമാവധി കുറച്ചു കൊണ്ടുവരുന്ന പരിസര ശുചിത്വ പ്രവർത്തനങ്ങൾക്ക് സാമൂഹ്യ അവബോധം സൃഷ്ടിക്കുന്നതിന് ദൃശ്യ - അച്ചടി മാധ്യമങ്ങളിലൂടെ വിവര വിദ്യാഭ്യാസ വിനിമയ പരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു. കാമ്പയിൻ പരിപാടിയിലെ ചില മുഖ്യ പ്രവർത്തനങ്ങൾ താഴെപ്പറയുന്നവയാണ്

- ശേഖരിച്ച വിവരങ്ങൾ ക്രോഡീകരിച്ച് മുഴുവൻ പഞ്ചായത്തുകളിലും എല്ലാ പങ്കാളികളെയും ഉൾപ്പെടുത്തിക്കൊണ്ട് 150-250 പേർ പങ്കെടുത്ത നയസമീപന യോഗങ്ങൾ സംഘടിപ്പിക്കുകയും ശുചിത്വ സമീപന രേഖ തയ്യാറാക്കി അച്ചടിച്ച് വിതരണം ചെയ്യുകയും ചെയ്തു.
- പ്രത്യേക ഗ്രാമസഭകൾ ചേർന്ന് ഈ സമീപന രേഖ ചർച്ച ചെയ്ത് പുഷ്ടിപ്പെടുത്തി
- ശുചിത്വവുമായി ബന്ധപ്പെട്ടു കൂടിയ പ്രത്യേക ഗ്രാമ സഭകളിൽ ഏതാണ്ട് 16 ലക്ഷം ആളുകൾ ഭാഗമായി.
- സമീപന രേഖ പ്രവൃത്തി പഥത്തിലെത്തിക്കുന്നതിന് തദ്ദേശ ഭരണ സ്ഥാപനങ്ങളെ സഹായിക്കുന്നതിനായി 14 ജില്ലകളിലും സാങ്കേതിക സഹായ ഗ്രൂപ്പ് രൂപീകരിച്ചു. ഓരോ ജില്ലയിലും 20 മുതൽ 35 പേർ വീതം 14 ജില്ലകളിലായി 420 വിദഗ്ധർ ഇന്ന് ഖരമാലിന്യ മാനേജ്മെന്റ് മേഖലയിൽ പ്രവർത്തിക്കുന്നു

- ഓരോ വാർഡിൽ നിന്നും ഒരു പുരുഷനും ഒരു സ്ത്രീയും ഉൾപ്പെട്ട ഹെൽത്ത് പ്രമോഷൻ ടീം എല്ലാ പഞ്ചായത്തുകളിലും രൂപീകരിക്കപ്പെട്ടു.
- 200 സംസ്ഥാന തല വിദഗ്ദ്ധർക്ക് 2006 സെപ്റ്റംബറിൽ 3 ദിവസത്തെ പരിശീലനം നൽകി.
- 2006 ഫെബ്രുവരിയിലും 2007 ജൂലായിലുമായി ജില്ലാതല വിദഗ്ദ്ധർക്ക് രണ്ടു തവണ രണ്ടു ദിവസത്തെ വീതം പരിശീലനം നൽകി.
- 30,000 ഹെൽത്ത് പ്രമോഷൻ ടീം അംഗങ്ങൾക്ക് രണ്ടു ദിവസത്തെ ബ്ലോക്കു തല പരിശീലനം നൽകി.
- തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ സാങ്കേതിക ജ്ഞാനം വർദ്ധിപ്പിക്കാനുതകുന്ന തരത്തിലുള്ള സാങ്കേതിക സഹായി തയ്യാറാക്കി.
- ശുചിത്വ കർമ്മ പദ്ധതി തയ്യാറാക്കുന്നതിനു തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് സഹായകമാകുന്ന തരത്തിൽ കൈപ്പുസ്തകം പ്രസിദ്ധികരിച്ചു.
- നഗരപ്രദേശങ്ങളെ കേന്ദ്രീകരിച്ച് ഖരമാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് അവസ്ഥാ പഠനം നടത്തി
- മാലിന്യമുക്ത കേരളം ക്യാമ്പയിന്റെ ഭാഗമായി 50 മൈക്രോണിൽ താഴെ കനമുളള പ്ലാസ്റ്റിക് നിരോധിക്കുവാൻ സർക്കാർ തീരുമാനമെടുത്തു. എന്നാൽ ഹൈക്കോടതി നിർദ്ദേശത്തെത്തുടർന്ന് നിരോധം 30 മൈക്രോണിൽ താഴെയുളള പ്ലാസ്റ്റിക്കിന് മാത്രമാക്കി. 2007 സെപ്തംബറിൽ നിരോധനം കാര്യക്ഷമമാക്കാൻ ബന്ധപ്പെട്ടവരുടെയും ജനപ്രതിനിധികളുടെയും വിശദമായ കൂടിയാലോചനകൾ നടത്തി. ഇതിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെയും മാധ്യമങ്ങളുടെയും എല്ലാ വിധ പിന്തുണയും ലഭിച്ചു.
- ADB സഹായമുളള സുസ്ഥിര നഗര വികസന പദ്ധതിയുടെയും (ഉദ്യഖധ) കേന്ദ്ര സർക്കാർ സഹായമുളള JNNRUM, UIDSSMT എന്നീ പദ്ധതികളുടെയും ഭാഗമായി നടപ്പിലാക്കുന്ന സ്കീമുകളിൽ ആധുനിക ഖര-ദ്രവ മാലിന്യ സംസ്കരണ പദ്ധതികൾക്ക് ഉയർന്ന പ്രാധാന്യം നൽകി.

4. മാലിന്യമുക്തകേരളം -പ്രവർത്തന പരിപാടി

മാലിന്യമുക്ത കേരളം പരിപാടിയുടെ രണ്ടാംഘട്ടം എന്ന നിലയ്ക്ക് മാലിന്യമുക്ത കേരളം പരിപാടിയുടെ പ്രവർത്തന പരിപാടി ആദരണീയ രാഷ്ട്രപതി ശ്രീമതി പ്രതിഭാ പാട്ടീൽ, കേരളപ്പിറവി ദിനമായ 2007 നവംബർ 1 ന് തിരുവനന്തപുരത്ത് പ്രകാശനം ചെയ്തു. 11-ാം പഞ്ചവത്സര പദ്ധതിയുടെ

അവസാനത്തോടെ സംസ്ഥാനത്തെ മാലിന്യ മുക്തമാക്കുകയാണ് ലക്ഷ്യം. ഈ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് ഊർജ്ജിതമായി മുന്നോട്ടു കൊണ്ടു പോകുന്ന തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് അവാർഡ് ഏർപ്പെടുത്തുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. താഴെപ്പറയുന്ന ലക്ഷ്യങ്ങളിൽ 50% കൈവരിക്കുന്ന പഞ്ചായത്തുകൾക്കാണ് അംഗീകാരം ലഭിക്കുന്നത്.

- എല്ലാ വീടുകൾക്കും ആശുപത്രി, സ്കൂൾ, അംഗനവാടികൾക്കും ശുചിത്വമുള്ള സാനിട്ടറി കക്കൂസുകൾ
- എല്ലാ പൊതു സ്ഥാപനങ്ങളും വൃത്തിയും വെടിപ്പുമുള്ളതായി സൂക്ഷിക്കൽ
- വൃത്തിയുള്ള മാർക്കറ്റുകൾ
- വെടിപ്പും ഭംഗിയുമുള്ള ആശുപത്രികൾ, സ്കൂളുകൾ, അംഗനവാടികൾ
- ചപ്പുചവറുകളില്ലാത്ത റോഡുകളും വഴികളും
- വീടുകളിൽ മാലിന്യത്തിന്റെ തരം തിരിച്ചുള്ള ശേഖരണവും സംസ്കരണവും
- വൃത്തിയുള്ള കോളനികൾ
- പ്ലാസ്റ്റിക് നിയന്ത്രണം സുസ്ഥിരമാക്കുന്നതിന്റെ പ്രവർത്തനങ്ങൾ

ആരോഗ്യകേരളം, മാലിന്യമുക്ത കേരളം പദ്ധതികൾ ആരോഗ്യ വകുപ്പുമായി ചേർന്ന് തദ്ദേശ സ്ഥാപനതലത്തിൽ ഏകോപിപ്പിച്ചു വരുകയാണ്. മാലിന്യമുക്ത കേരളം പരിപാടിയുടെ ഭാഗമായി 30 മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക്കിന്റെ ഉപയോഗം നിരോധിച്ചു കൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിച്ചു. ബോധവൽക്കരണത്തിനു പുറമേ ശിക്ഷണ നടപടികൾ ഉൾപ്പെടെ സ്വീകരിച്ച് ടി നിയമം നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. പ്ലാസ്റ്റിക്കിന് ബദലമായി തുണി, പേപ്പർ ബാഗുകൾ, കുടുംബശ്രീ അയൽക്കൂട്ടങ്ങൾ വഴി നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, വിവിധ ഏജൻസികൾ, സന്നദ്ധ സംഘടനകൾ, വിവിധ സർക്കാർ വകുപ്പുകൾ, പൊതു ജനങ്ങൾ എന്നിവയുടെ കൂട്ടായ പ്രവർത്തനം ഈ പരിപാടിയുടെ വിജയത്തിന് അത്യന്താപേക്ഷിതമാണ്. 11-ാം പഞ്ചവത്സര പദ്ധതിയിൽ ശുചിത്വ മേഖലയിലെ ജില്ലാ തല പരിശീലകർക്കായുള്ള കൈപുസ്തകം തയ്യാറാക്കി. സംസ്ഥാന തല പരിശീലന പരിപാടി നൽകുകയും, എല്ലാ ഗ്രാമ ബ്ലോക്ക് പഞ്ചായത്ത് കർമ്മ സമിതിയംഗങ്ങളേയും പരിശീലിപ്പിക്കുകയുണ്ടായി.

ഗാന്ധിജയന്തി വാരത്തിന്റെ ഭാഗമായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സ്ഥാപനങ്ങളും പൊതു സ്ഥലങ്ങളും കേന്ദ്രീകരിച്ച് വിപുലമായ ശുചീകരണ പ്രവർത്തനങ്ങൾ നടത്തി. ജന പങ്കാളിത്തത്തോടുകൂടി ഊർജിതമായി

മഴക്കാല പൂർവ്വ ശുചീകരണ പരിപാടികൾ മെയ് 9-15, 2008 കാലയളവിൽ സംഘടിപ്പിച്ചു. സംസ്ഥാനത്തുടനീളം ബോധവൽക്കരണ കലാജാഥകൾ സംഘടിപ്പിച്ചു.

കർമ്മ പരിപാടി പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ താഴെ പറയുന്ന നാഴികല്ലുകൾ സമയബന്ധിതമായി കൈവരിക്കുന്നതിനാണ് ലക്ഷ്യ മിട്ടിട്ടുളളത്.

- 9 മാസത്തിനകം ഗാർഹിക കക്കൂസുകളുടെ സമയ ബന്ധിതമായ വ്യാപനം.
- 1 വർഷം കൊണ്ട് പൊതുസ്ഥലങ്ങളിലെ കക്കൂസുകളുടെ സാർവ്വത്രിക വ്യാപനം (അംഗനവാടി, ആശുപത്രികൾ, സ്കൂളുകൾ തുടങ്ങിയവ).
- 1 വർഷം കൊണ്ട് മാലിന്യം വീടുകളിൽ തരം തിരിച്ച് ശേഖരിക്കുന്ന രീതി.
- അടുത്ത 3 വർഷത്തിനകം പ്രതിവർഷം ⅓ വീടുകളിലും, സ്ഥാപനങ്ങളിലും വീതം ഗാർഹിക പൊതു സ്ഥാപനതല ഖരമാലിന്യ മാനേജ്മെന്റ് സംവിധാനം സ്ഥാപിക്കൽ.
- അടുത്ത 3 വർഷത്തിനകം പ്രതിവർഷം ⅓ വീടുകളും, സ്ഥാപനങ്ങളും വീതം വികേന്ദ്രീകൃത പൊതു മാലിന്യ സംസ്കരണ സംവിധാനങ്ങൾ.
- 11-ാം പദ്ധതി കാലയളവിൽ തിരസ്കൃത മാലിന്യങ്ങൾക്ക് സാനിട്ടറി ലാന്റു ഫില്ലുകൾ സ്ഥാപിക്കൽ.
- അടുത്ത 2 വർഷത്തിനകം കോളനികൾ ശുചിയായും വൃത്തിയുളളതുമാക്കി മാറ്റുക.
- പ്രധാന ചെറു പട്ടണങ്ങളും, ആരാധനാകേന്ദ്രങ്ങളും, വിനോദ സഞ്ചാര കേന്ദ്രങ്ങൾ,ചന്ത,തെരുവ് തുടങ്ങിയവ 3 വർഷത്തിനകം ചപ്പു ചവറു കളില്ലാത്ത പൊതു സ്ഥലങ്ങളായി മാറ്റുക.
- ദ്രവമാലിന്യ സംസ്കരണം, മലിന ജല നിർമ്മാർജ്ജന സൗകര്യങ്ങൾക്ക് നിലവിലുളള സംവിധാനങ്ങളെ 3 ഇരട്ടിയായി ഈ പദ്ധതി കാലയളവിൽ വർദ്ധിപ്പിക്കുക

5. ഖരമാലിന്യ നിർമ്മാർജ്ജനം

ഖരമാലിന്യ സംസ്കരണ പ്രവർത്തനം ഊർജ്ജിതമായി നടപ്പിലാക്കുന്നതിന് ഇംഗ്ളീഷിലും മലയാളത്തിലും സാങ്കേതികമാന്വൽ തയ്യാറാക്കുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ മാലിന്യ സംസ്ക്കരണ പ്രോജക്ടുകൾ തയ്യാറാക്കുന്നതിനായി സാനിട്ടേഷൻ വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾക്കും എല്ലാ വർക്കിംഗ്ഗ്രൂപ്പ് കൺവീനർമാർക്കും ചെയർമാൻമാർക്കും ആവശ്യമായ പരിശീലനം നൽകി.

ഖരമാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്ക് വിവിധ സാങ്കേതിക വിദ്യയിലും, തരത്തിലുമുള്ള പ്ലാന്റുകൾക്ക് യൂണിറ്റ് കോസ്റ്റ് സ്പെസിഫിക്കേഷൻ, സ്റ്റാൻഡാർഡ്സ്, പ്രവർത്തന പരിപാലന പ്രോട്ടോക്കോൾ എന്നിവ നിശ്ചയിച്ചു കൊണ്ടുള്ള സർക്കാർ ഉത്തരവ് നം.GO(MS) 39/2008/LSGD, dated 11/02/2008 പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവു പ്രകാരം ഖരദ്രവ മാലിന്യങ്ങൾ സംസ്കരിക്കുന്നതിനുള്ള മെയിന്റനൻസ് ചിലവും നികർഷിച്ചിട്ടുണ്ട്. സമീപകാല വില വർദ്ധനയുടെ അടിസ്ഥാനത്തിൽ ഭേദഗതികൾ വേണമെന്ന ആവശ്യം ഉണ്ടാകുകയും അതിനുള്ള നടപടികൾ സ്വീകരിച്ചു വരികയുമാണ്.

ജില്ലകൾ തോറും ഖരമാലിന്യ സംസ്കരണത്തിനുള്ള പദ്ധതികൾ തയ്യാറാക്കിവരുന്നു. കേന്ദ്രാവിഷ്കൃത പദ്ധതിയായ സമ്പൂർണ്ണ ശുചിത്വ പരിപാടിയുടെ ഘടകമായ ഖരദ്രവ മാലിന്യ പരിപാലനത്തിനായി 14 ജില്ലകൾക്കായി ഗ്രാമപ്രദേശങ്ങളിൽ ശുചിത്വ പദ്ധതികൾ തയ്യാറാക്കുന്നതിനായി 19.89 കോടി രൂപ വിനിയോഗിക്കുന്നതാണ്. കൂടാതെ നഗരസഭകൾക്കും നഗരസ്വഭാവമുള്ള പഞ്ചായത്തുകൾക്കും ഖരമാലിന്യ സംസ്കരണത്തിനായി സംസ്ഥാന ബഡ്ജറ്റിലും തുക വകയിരുത്തിയിട്ടുണ്ട്. ഈ രണ്ടു ഘടകങ്ങൾക്കും പുറമെ ശുചിത്വ പരിപാലനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അനിവാര്യ ചുമതലയിൽപ്പെട്ട ഒരു ഇനമാകയാൽ ഈ സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ടിൽ നിന്നും തനത് ഫണ്ടിൽ നിന്നും ഇത്തരം പ്രവർത്തികൾ ഏറ്റെടുത്ത് നടത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തുകളുടെ മാലിന്യനിർമ്മാർമുൾപ്പെടെയുള്ള ശുചീകരണ പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കുന്നതിന്റെ ഭാഗമായി 14 ജില്ലകളും ബ്ലോക്കുകളും കേന്ദ്രീകരിച്ച് ദ്വിദിന പ്രോജക്ട് ശിൽപശാല സംഘടിപ്പിച്ചു. ഇതിനെതുടർന്ന് പ്രോജക്ടുകൾ ഉണ്ടാക്കുന്നതിനായി പഞ്ചായത്ത് അടിസ്ഥാനത്തിൽ പ്രോജക്ട് ക്ലിനിക്കുകളും സംഘടിപ്പിച്ചുവരുന്നു.

ഖരമാലിന്യ സംസ്കരണ പദ്ധതി സമർപ്പിച്ച 44 പഞ്ചായത്തുകളിൽ ഇതിനോടകം തന്നെ സംസ്ഥാന ബഡ്ജറ്റിൽ നിന്ന് രൂപ 369.2 ലക്ഷം സാമ്പത്തികസഹായമായി വിതരണം ചെയ്തിട്ടുണ്ട്. ഇതിൽ 4 ഗ്രാമപഞ്ചായത്തുകളിൽ മാലിന്യസംസ്കരണ പ്ലാന്റ് പൂർത്തിയായിട്ടുണ്ട്. 4 ഗ്രാമപഞ്ചായത്തുകളിൽ മാലിന്യ സംസ്കരണ പ്ലാന്റ് നിർമ്മാണം പുരോഗമിക്കുകയാണ്. കൂടാതെ ഇതിനകം 49 നഗരസഭകളുടെ 56.52 കോടി രൂപയുടെ പദ്ധതികൾക്ക് അംഗീകാരം നൽകുകയും സഹായധനമായി 15.50 കോടി രൂപ നൽകുകയും ചെയ്തു. 21 നഗര സഭകളിൽ പ്ലാന്റ് പണി പൂർത്തിയാക്കുകയും14 നഗരസഭകൾ പ്ലാന്റ് പണി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ 19 നഗര സഭകൾ പ്ലാന്റ് പണി ആരംഭിച്ചിട്ടില്ല. 4 നഗരസഭകൾ പ്രൊജക്ട് തയ്യാറാക്കിയിട്ടില്ല. ഇതിന് പുറമേ നഗരമേഖലയിൽ KSUDP, JNNURM, UIDSSMT എന്നീ പദ്ധതികളുടെ പ്രയോജനം സ്വീകരിച്ചു കൊണ്ട് ഖരമാലിന്യ സംസ്കരണത്തിനും, മലിനജല സംസ്കരണത്തിനും, സ്വീവേജ് സംസ്കരണത്തിനുമായി 811.59 കോടിയുടെ പദ്ധതികൾ തയ്യാറാക്കിവരുന്നു.

6. പ്ലാസ്റ്റിക്നിരോധനം

പ്ലാസ്റ്റിക്കിന്റെ ഉപയോഗം നിരോധിച്ചുകൊണ്ടുള്ള ഉത്തരവ് പൂർണ്ണമായും നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. പ്ലാസ്റ്റിക്കിന് ബദലായി തുണി, പേപ്പർ ബാഗുകൾ കുടുംബശ്രീ അയൽക്കൂട്ടങ്ങൾ വഴി നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.. പ്ലാസ്റ്റിക് മാലിന്യത്തിന്റെ നിരോധനം കാര്യക്ഷമമാക്കാൻ 50 മൈക്രോൺ വരെയുള്ള പ്ലാസ്റ്റിക്ക് നിരോധനം സംബന്ധിച്ച് 2008 മാർച്ച് 29 ന് പുറപ്പെടുവിച്ച ഉത്തരവ് ഹൈക്കോടതിയുടെ പരിഗണനയിലാണ്.

7. കമ്മ്യൂണിക്കേഷൻ ആന്റ് കപ്പാസിറ്റി ഡവലപ്പ്മെന്റ് യൂണിറ്റ് (CCDU)

സാനിട്ടേഷൻ രംഗത്ത് പ്രവർത്തിയ്ക്കുന്ന തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെയും വ്യക്തികളുടെയും ശേഷി വർദ്ധിപ്പിയ്ക്കുന്നതിനും കൂടുതൽ കാര്യക്ഷമമായി പ്രവർത്തിയ്ക്കുന്നതിന് അവരെ പ്രാപ്തരാക്കുന്നതിന് സഹായിക്കുന്നതിനാണ് കേന്ദ്ര സർക്കാർ സാനിട്ടേഷനുവേണ്ടി കമ്മ്യൂണിക്കേഷൻ ആന്റ് കപ്പാസിറ്റി ഡവലപ്പ്മെന്റ് യൂണിറ്റ് (CCDU) സി.സി.ഡി.യു. 2008 ൽ അനുവദിച്ചു പ്രചാരണ/പരിശീലന പ്രവർത്തനങ്ങൾക്ക് ആകെ 114.70 ലക്ഷം രൂപയുടെ കേന്ദ്ര സഹായം ലഭിക്കും. ഇതിന്റെ ഒന്നാം ഗഡുവായി രൂപ 57.35 ലക്ഷം രൂപ ഇതിനോടകം ലഭിച്ചിട്ടുണ്ട്. ഇതിനുള്ള കർമ്മ പരിപാടി തയ്യാറാക്കി വരുകയാണ്

## ചർച്ച ചെയ്യേണ്ട വിഷയങ്ങൾ

01. നിർമ്മൽ സംസ്ഥാന പുരസ്കാരം

2007 വരെ 226 ഗ്രാമ പഞ്ചായത്തുകൾക്കും 6 ബ്ലോക്ക് പഞ്ചായത്തുകൾക്കും നിർമ്മൽ ഗ്രാമ പുരസ്കാരം ലഭിച്ചിട്ടുണ്ട്. ഈ വർഷം 637 ഗ്രാമ പഞ്ചായത്തുകളുടെയും 110 ബ്ലോക്കു പഞ്ചായത്തുകളുടെയും അപേക്ഷകളാണ് കേന്ദ്ര സർക്കാരിന്റെ പരിഗണനയിലുള്ളത്. 637 ൽ അവാർഡ് ലഭിക്കാത്ത പഞ്ചായത്തുകളും അപേക്ഷിച്ചിട്ടില്ലാത്ത 132 പഞ്ചായത്തുകളും അപേക്ഷിക്കുകയും അവാർഡ് നേടുകയും ചെയ്യേണ്ടതുണ്ട്. അവാർഡ് ലഭിച്ച ഗ്രാമ പഞ്ചായത്തുകൾ നിലവാരം കാത്തുസൂക്ഷിയ്ക്കുകയും ഇനി അപേക്ഷിക്കുന്ന മുഴുവൻ ഗ്രാമ പഞ്ചായത്തുകൾക്കും അവാർഡ് ലഭിക്കുകയും ചെയ്താൽ നിർമ്മൽ സംസ്ഥാന പദവിയിലേക്ക് എത്തിച്ചേരാൻ കഴിയും. ഇതിനുള്ള കർമ്മ പരിപാടികൾ എല്ലാം ജില്ലകളും ആവിഷ്കരിക്കേണ്ടതുണ്ട്.

02. ഖരദ്രവ മാലിന്യ സംസ്കരണ പ്രോജക്ടുകൾ

മാലിന്യ മുക്ത കേരളം കർമ്മ പരിപാടി പ്രകാരം സംസ്ഥാനത്തെ മൂന്നിലൊന്ന് തദ്ദേശ ഭരണ സ്ഥാപനങ്ങൾ വികേന്ദ്രീകൃത പൊതു സംസ്കരണ സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതുണ്ട്. 21 നഗര സഭകൾ സംസ്കരണ പ്ലാന്റുകൾ പൂർത്തിയാക്കിയിട്ടുണ്ട്. 14 നഗര സഭകളുടെ പ്ലാന്റ് പണികൾ ആരംഭിച്ചിട്ടുണ്ട്. എന്നാൽ 19 നഗര സഭകൾ പ്ലാന്റ് പണി ആരംഭിച്ചിട്ടില്ല. 4 നഗര സഭകൾ പ്രോജക്ട് തയ്യാറാക്കിയിട്ടില്ല. 44 ഗ്രാമ പഞ്ചായത്തുകൾ പ്രോജക്ട് തയ്യാറാക്കിയെങ്കിലും 4 ഗ്രാമ പഞ്ചായത്തുകൾ മാത്രമാണ് പ്ലാന്റ് പൂർത്തിയാക്കിയത്. 4 ഗ്രാമ പഞ്ചായത്തുകളിൽ പ്ലാന്റ് നിർമ്മാണം പുരോഗമിക്കുകയാണ്. 36 ഗ്രാമ പഞ്ചായത്തുകളിൽ പണി ആരംഭിക്കേണ്ടതുണ്ട്. പഞ്ചായത്തുകളിൽ പ്രോജക്ടുകൾ തയ്യാറാക്കുന്നതിന് മേഖലാതല ശില്പശാലകളും ജില്ലാതല ശില്പ ശാലകളും സംഘടിപ്പിച്ചിട്ടുണ്ട്. പഞ്ചായത്ത് തല ക്ളിനിക്കുകൾ നടന്നു വരുന്നു. സംസ്ഥാനത്തെ മുഴുവൻ നഗരസഭകളും ഗ്രാമ പഞ്ചായത്തുകളും പ്രോജക്ട് തയ്യാറാക്കേണ്ടതും സ്ഥലം തദ്ദേശ ഭരണ സ്ഥാപനങ്ങൾ ഈ വർഷം തന്നെ സംസ്കരണ

സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതുമാണ്. ഈ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുന്നത് പരിഗണിക്കേണ്ടതാണ്.

03. ഖരമാലിന്യ സംസ്കരണ പ്ലാന്റുകൾ

ഖരമാലിന്യ സംസ്കരണ പ്ലാന്റുകൾക്ക് സ്പെസിഫിക്കേഷൻ, സ്റ്റാന്റാർഡ്സ്, യൂണിറ്റ് കോസ്റ്റ്, O M പ്രോട്ടോക്കോൾ, സബ്സിഡി നിരക്കുകൾ സർക്കാർ ഉത്തരവ് നം.ജി.ഒ.(എം.എസ്) 39/2008/ത.സ്വ.ഭ.വ. തീയതി 11.02.2008 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. യൂണിറ്റ് കോസ്റ്റിൽ ചില ഭേദഗതികൾ വേണമെന്ന ആവശ്യം പരിഗണിക്കേണ്ടതായുണ്ട്.

04. സ്ക്കൂൾ ടോയ്ലറ്റുകളുടെ നിർമ്മാണം

പുതുക്കിയ റ്റി.എസ്.സി. പ്രോജക്ട് പ്രകാരം 3600 സ്ക്കൂൾ ടോയ്ലറ്റുകളാണ് നിർമ്മിക്കേണ്ടത്. ഇതിൽ 2599 ടോയ്ലറ്റുകൾ നിർമ്മിച്ചു കഴിഞ്ഞു. ബാക്കിയുള്ള 1001 ടോയ്ലറ്റുകൾ കേന്ദ്ര സർക്കാർ നിർദേശിച്ച പ്രകാരം 2008 ഡിസംബർ 31 ന് മുപമ്പ് പൂർത്തീകരിക്കേണ്ടതാണ്. മുതിർന്ന പെൺകുട്ടികൾ പഠിക്കുന്ന സ്കൂളുകളിൽ ഗേൾ ഫ്രെണ്ടലി ടോയ്ലറ്റുകൾ നിർബന്ധമായും നിർമ്മിക്കേണ്ടതാണ്. ഇതിന്റെ യൂണിറ്റ് കോസ്റ്റ് 55000 രൂപയായി നിശ്ചയിച്ചിട്ടുണ്ട്. ഈ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുന്നത് പരിഗണിക്കണം.

05. അങ്കണവാടി ടോയ്ലറ്റുകൾ

പുതുക്കിയ റ്റി.എസ്.സി പ്രോജക്ട് പ്രകാരം 4957 അങ്കണവാടി ടോയ്ലറ്റുകളാണ് നിർമ്മിക്കേണ്ടത്. ഇതിൽ 2504 ടോയ്ലടുകൾ നിർമ്മിച്ചു. ശിശു സൗഹൃദ ടോയ്ലറ്റുകളാണ് അങ്കണവാടികളിൽ നിർമ്മിക്കേണ്ടത്. ഇതിന്റെ യൂണിറ്റ് കോസ്റ്റ് 9600 രൂപയായി സർക്കാർ നിശ്ചയിച്ചിട്ടുണ്ട്. ബാക്കിയുള്ള 2453 ടോയ്ലറ്റുകൾ കേന്ദ്ര സർക്കാർ നിർദ്ദേശിച്ച പ്രകാരം 2008 ഡിസംബർ 31 ന് മുമ്പ് നിർമ്മിക്കേണ്ടതാണ്. ഈ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുന്നത് പരിഗണിക്കേണ്ടതാണ്.

06. മാലിന്യമുക്ത കേരളം കർമ്മ പരിപാടി – യോഗ്യത കൈവരിയ്ക്കുന്ന തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് പാരിതോഷികം

നിശ്ചിത കാലാവധിക്കുമുമ്പ് തന്നെ നേട്ടങ്ങൾ കൈവരിയ്ക്കുന്ന തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് സുതാര്യമായ സൂചകങ്ങളുടെ അടിസ്ഥാനത്തിൽ പ്രോത്സാഹനം നൽകുമെന്ന് മാലിന്യമുക്തകേരളം കർമ്മ പരിപാടിയിൽ പ്രഖ്യാപിച്ചിരുന്നു. യോഗ്യത കൈവരിക്കുന്ന തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ഈ വർഷം ഉചിതമായ പാരിതോഷികം (award) നൽകുന്നതിന് നിർദ്ദേശമുണ്ട് മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ഒക്ടോബർ മാസത്തോടെ ഇത് നിർവ്വഹിക്കുവാൻ ഉദ്ദേശിക്കുന്നു.

07. മാലിന്യമുക്ത കേരളം കർമ്മപരിപാടി – ശുചിത്വമുള്ള സർക്കാർ ആഫീസുകൾക്ക്/ സ്ഥാപനങ്ങൾക്ക് പാരിതോഷികം

പൊതു സ്ഥാപനങ്ങളുടെ/ആഫീസുകളുടെ ശുചിത്വം മാലിന്യമുക്തകേരളം കർമ്മ പരിപാടിയുടെ ഒരു പ്രധാന ഘടകമാണ്. ശുചിത്വ കാമ്പയിന്റെ ഭാഗമായി പൊതു സ്ഥാപനങ്ങളിലും ആഫീസുകളിലും ജീവനക്കാരുടെ സഹകരണത്തോടെ മെച്ചപ്പെട്ട ശുചീകരണ പ്രവർത്തനങ്ങൾ ഏറ്റെടുത്തിട്ടുണ്ട്. പൊതു സ്ഥാപനങ്ങളുടെ ശുചിത്വം ആഫീസിന്റെ വൃത്തിയും അന്തരീക്ഷത്തിന്റെ മെച്ചപ്പെടലും ആഫീസ് പ്രവർത്തനത്തെ തന്നെ ഗുണപരമായി സ്വാധീനിക്കുന്നതാണ്. നിശ്ചിത മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും താലൂക്ക് തലത്തിലും മികച്ച പ്രവർത്തനം കാഴ്ച വയ്ക്കുന്ന സർക്കാർ ആഫീസുകൾക്ക്/ സ്ഥാപനങ്ങൾക്ക് ഈ വർഷം നൽകുന്നതിന് നിർദ്ദേശമുണ്ട്. മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ സെപ്റ്റംബർ മാസത്തോടെ ഇത് നിർവ്വഹിക്കുവാൻ ഉദ്ദേശിക്കുന്നു.

— 22 —

അനുബന്ധം നമ്പർ 4 (സംസ്ഥാന വികസന [illegible])

## പതിനൊന്നാം പഞ്ചവത്സര പദ്ധതിയിലെ അടുത്തഘട്ട പ്രവർത്തനങ്ങൾ

തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2008–09 വാർഷിക പദ്ധതി രണ്ട് ഘട്ടങ്ങളായി തയ്യാറാക്കി അംഗീകാരം നേടുന്ന തരത്തിലാണ് നടപടിക്രമങ്ങൾ നിശ്ചയിച്ചിരുന്നത്. മഴക്കാലത്ത് നടപ്പാക്കേണ്ട കാർഷിക പരിപാടികൾ, മഴക്കാലത്തിന് മുൻപ് പൂർത്തിയാക്കേണ്ട മെയിന്റനൻസ് പ്രോജക്ടുകൾ, രോഗപ്രതിരോധ പ്രവർത്തനങ്ങൾ, അനിവാര്യ ചുമതലകളുടെ നിർവ്വഹണം, മറ്റ് അടിയന്തിര പ്രാധാന്യമുള്ള പ്രോജക്ടുകൾ എന്നിവയാണ് ഒന്നാം ഘട്ടത്തിൽ നിർദ്ദേശിച്ചിരുന്നത്. ഒന്നാംഘട്ട പ്രോജക്ടുകൾക്ക് അംഗീകാരം നേടേണ്ട അവസാന തീയതി 2008 മേയ് 31 ആയിരുന്നു. രണ്ടാം ഘട്ട പ്രോജക്ടുകൾക്കും 2008–09 വാർഷിക പദ്ധതിക്കും അംഗീകാരം നേടേണ്ട അവസാന തീയതി 2008 ആഗസ്റ്റ് 4 ആയി നിശ്ചയിച്ചിട്ടുണ്ട്.

2008–09 വാർഷിക പദ്ധതി അംഗീകാര നടപടികളെ തുടർന്ന് തദ്ദേശഭരണ സ്ഥാപനങ്ങൾ ചുവടെ വിവരിക്കുന്ന പ്രവർത്തനങ്ങൾ പൂർത്തിയാക്കേണ്ടതുണ്ട്.

1. **സംയോജിത നീർത്തട പരിപാലന പദ്ധതി**

   നീർത്തട പരിപാലന പദ്ധതി തയ്യാറാക്കുന്നതിനുള്ള പ്രാഥമിക നടപടികളുടെ മാർഗ്ഗനിർദ്ദേശങ്ങൾ 28.12.2006–ലെ സ.ഉ.(എം.എസ്) 295/08/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ജലം, മണ്ണ്, ജൈവ വിഭവങ്ങൾ എന്നിവ തമ്മിലുള്ള ബന്ധം മനസ്സിലാക്കിയെങ്കിൽ മാത്രമേ ഫലപ്രദമായ ഇടപെടലുകൾ മുഖേന ഒരു സന്തുലിതാവസ്ഥ പുനഃസൃഷ്ടിക്കാൻ കഴിയുകയുള്ളൂ. കൃഷിയിലും അനുബന്ധ മേഖലകളിലും ഉൽപാദനവും ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിന് ഉതകുന്ന കർമ്മ പദ്ധതികൾ ഈ പ്രക്രിയയിലൂടെ രൂപപ്പെടുത്തണം.

2. **ഇ.എം.എസ്. സമ്പൂർണ്ണ ഭവന പദ്ധതി**

   ഇ.എം.എസ്. ഭവന പദ്ധതി നടപ്പാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ 24.06.2008–ലെ സ.ഉ.(എം.എസ്)174/2008/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. 2008–09 മുതൽ 2010–11 വരെയുള്ള മൂന്ന് വർഷക്കാലയളവിനുള്ളിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള എല്ലാ ഭൂരഹിത കുടുംബങ്ങൾക്കും സ്ഥലവും വീടും നൽകുക, എല്ലാ ഭവന രഹിത കുടുംബങ്ങൾക്കും വീട് നൽകുക, വാസയോഗ്യമല്ലാത്ത വീടുകളിൽ താമസിക്കുന്നവരുടെ വീടുകൾ പരിഷ്കരിച്ച് വാസയോഗ്യമാക്കുക എന്നിവയാണ് പദ്ധതിയുടെ ലക്ഷ്യം. ഭവന നിർമ്മാണത്തിന് സ്ഥലം നൽകാൻ ആദ്യ പരിഗണന നൽകണം. ഗ്രാമപ്രദേശങ്ങളിൽ ചുരുങ്ങിയത് 2 സെന്റ് ഭൂമിയും നഗരസഭകളിൽ ചുരുങ്ങിയത് 1½ സെന്റ് ഭൂമിയും ഒരു കുടുംബത്തിന് നൽകണം.

ഗ്രാമപ്രദേശങ്ങളിൽ ത്രിതല പഞ്ചായത്തുകളുടെ സംയുക്ത ആഭിമുഖ്യത്തിലാണ് പദ്ധതി നടപ്പാക്കുന്നത്.

പദ്ധതിയുടെ സുഗമമായ നിർവഹണം ഉറപ്പാക്കുന്നതിന് ജില്ലാതലത്തിലും തദ്ദേശഭരണ സ്ഥാപനതലത്തിലും പ്രോഗ്രാം മാനേജ്മെന്റ് കമ്മിറ്റികളും സന്നദ്ധ സാങ്കേതിക ഗ്രൂപ്പുകളും രൂപീകരിക്കുന്നതാണ്.

3. സമ്പൂർണ്ണ ശുചിത്വ പദ്ധതി

'മാലിന്യ മുക്ത കേരളം' പദ്ധതിയുടെ പ്രഖ്യാപിത ലക്ഷ്യങ്ങൾക്കനുസൃതമായി എല്ലാ ഗ്രാമപഞ്ചായത്തുകളും നഗരസഭകളും സമ്പൂർണ്ണ ശുചിത്വ പദ്ധതി തയ്യാറാക്കണം. 2007 നവംബർ 1-ാം തീയതി പ്രകാശനം ചെയ്ത പ്രവർത്തന രൂപരേഖയിൽ, കൈവരിക്കേണ്ട നേട്ടങ്ങളും നാഴിക കല്ലുകളും അവയുടെ സമയ ക്രമവും നിശ്ചയിച്ചിട്ടുണ്ട്. അവയിൽ ഹ്രസ്വകാല ലക്ഷ്യങ്ങളും ദീർഘകാല ലക്ഷ്യങ്ങളും ഉണ്ട്. ഈ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് ശുചിത്വ കർമ്മ സമിതികളുടെ രൂപീകരണം, ശുചിത്വ നയ സമീപന രേഖ തയ്യാറാക്കൽ എന്നീ പ്രക്രിയകൾ പൂർത്തിയാക്കിയിട്ടുണ്ട്. ഒരു കൈപ്പുസ്തകവും തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ശുചിത്വ നയസമീപന രേഖയുടെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തുകളും, നഗരസഭകളും സമ്പൂർണ്ണ ശുചിത്വ പദ്ധതി തയ്യാറാക്കണം. ആ പദ്ധതിയിൽ ചുവടെ പ്രതിപാദിക്കുന്ന ഘടകങ്ങൾ നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്.

1. ഖരമാലിന്യ പരിപാലനം
2. ദ്രവമാലിന്യ പരിപാലനം
3. വീടുകൾക്ക് കക്കൂസ്
4. പറമ്പുകളിലെയും വളപ്പുകളിലെയും പരിസ്ഥിതി ശുചിത്വം.
5. കുടിവെള്ള കിണറുകളുടെ ശുചിത്വം
6. പൊതുസ്ഥാപനങ്ങളിൽ ടോയ്ലെറ്റുകൾ
7. വ്യാപാര സ്ഥാപനങ്ങളിലെയും മാർക്കറ്റുകളിലെയും മാലിന്യ സംസ്കരണം.

4. ഭൂ പ്രദേശങ്ങളെ ബന്ധിപ്പിക്കുന്ന കണക്ടിവിറ്റി പ്ലാൻ

ഹൈവേകളും മേജർ ജില്ലാ റോഡുകളുമായും ബന്ധിക്കുന്നതും ഏറ്റവും ചെറിയ ജനവാസ കേന്ദ്രങ്ങളിൽ വരെ എത്തിച്ചേരുന്നതുമായ എല്ലാ റോഡുകളുടെയും ഒരു കേന്ദ്ര ശൃംഖല തയ്യാറാക്കുന്നതാണ്. ഗ്രാമപഞ്ചായത്തുകൾ തയ്യാറാക്കുന്ന റോഡ് ശൃംഖല ബ്ലോക്ക് തലത്തിലും ബ്ലോക്ക് പഞ്ചായത്തുകൾ തയ്യാറാക്കുന്ന സംയോജിത റോഡ് ശൃംഖല നഗരസഭകളുടെ റോഡ് ശൃംഖലയുമായി ചേർത്ത് ജില്ലാതലത്തിലും സംയോജിപ്പിക്കുന്നതാണ്.

5. ജില്ലാ പദ്ധതി

ജില്ലാ ആസൂത്രണ സമിതികൾ വികേന്ദ്രീകൃത പദ്ധതികൾ ഏകോപിപ്പിക്കേണ്ടതും അവയെ ജില്ലാ പദ്ധതിയായി സംയോജിപ്പിക്കേണ്ടതുമാണ്.

## സംസ്ഥാന വികസന കൗൺസിൽ

അജണ്ട നമ്പർ :5

EMS ഭവനപദ്ധതി

സംസ്ഥാനത്തെ ദാരിദ്രരേഖയ്ക്ക് താഴെയുള്ള ഭവനരഹിതരായ മുഴുവൻ കുടുംബങ്ങളുടെയും പാർപ്പിടപ്രശ്നങ്ങൾ പൂർണ്ണമായും പരിഹരിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ 11-ാം പദ്ധതിയിൽ കേന്ദ്രാവിഷ്കൃതപരിപാടികൾക്കുപരിയായി E.M.S. ഭവന പരിപാടി നടപ്പാക്കണമെന്ന് ആസൂത്രണമാർഗ്ഗരേഖപ്രകാരം നിർദ്ദേശിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ 2008-09 മുതൽ 2010-11 വരെയുള്ള മൂന്ന് വർഷകാലയളവിനുള്ളിൽ സംസ്ഥാനത്തെ ദാരിദ്രരേഖയ്ക്ക് താഴെയുള്ള മുഴുവൻ കുടുംബങ്ങൾക്കും വീട് വച്ച് നൽകുക എന്ന ലക്ഷ്യത്തോടെ വിഭാവനം ചെയ്തിട്ടുള്ള പദ്ധതിയാണ് E.M.S ഭവന പരിപാടി.

24/6/08-ലെ സ.ഉ.(എം.എസ്) 174/08/തസ്വഭവ ഉത്തരവുപ്രകാരം E.M.S ഭവനപരിപാടിയുടെ മാർഗ്ഗരേഖ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ താഴെപ്പറയുന്നവയാണ്.

1. ദാരിദ്രരേഖയ്ക്ക് താഴെയുള്ള എല്ലാ ഭൂരഹിതകുടുംബങ്ങൾക്കും വീട് നിർമ്മിക്കുവാൻ സ്ഥലം നൽകൽ.
2. ദാരിദ്രരേഖയ്ക്ക് താഴെയുള്ള എല്ലാ ഭവനരഹിതകുടുംബങ്ങൾക്കും വീട് നൽകൽ
3. ദാരിദ്രരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളുടെ ജീർണ്ണിച്ച വീടുകളുടെ മേൽക്കൂര ബലപ്പെടുത്തി/ ഗുണമേൻമ വർദ്ധിപ്പിച്ച് വാസയോഗ്യമാക്കുക.

പഞ്ചായത്ത് തലത്തിൽ ദാരിദ്രരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളെ നിർണ്ണയിക്കുന്നതിന് സർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കുകയും അപ്രകാരം തയ്യാറാക്കിയലിസ്റ്റ് ഗ്രാമ/വാർഡ് സഭ അംഗീകരിച്ചാണ് പ്രസ്തുത സഹായത്തിനായി പരിഗണിക്കുന്നത്. സമയബന്ധിതമായി ഇത് പൂർത്തീകരിക്കുന്നതിന് താഴെപ്പറയുന്ന സമയക്രമം പാലിക്കണമെന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിർദ്ദേശം നൽകിയട്ടുണ്ട്.

1. B.P.L ലിസ്റ്റിൽ നിന്നും ഭൂരഹിത/ഭവനരഹിതരുടെ ലിസ്റ്റ് വേർതിരിച്ചെടുത്ത് പരിശോധിച്ച് സാധുവാക്കുന്നതിന്വേണ്ടി 2008- ജൂലയ് 10 വരെ ഏരിയ ഡെവലപ്മെൻറ് സൊസൈറ്റികൾക്ക് സമയം നൽകുന്നതാണ്
2. പരിശോധിച്ച് സാധുവാക്കിയ ലിസ്റ്റിലെ ഗുണഭോക്താക്കളുടെ മുൻഗണന, നിർണ്ണയിക്കുന്നതിന് സർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ നിശ്ചയിക്കേണ്ടതും ഇതിൻമേൽ ജൂലയ് 20ന് നകം ആക്ഷേപങ്ങൾ സ്വീകരിക്കേണ്ടതുമാണ്. തുടർന്ന് ആക്ഷേപം ഫയൽ ചെയ്യാൻ 15 ദിവസത്തെ സമയം അനുവദിക്കുന്നതാണ്.
3. ആക്ഷേപങ്ങൾപരിശോധിച്ച്റിപ്പോർട്ടിൻെറ അടിസ്ഥാനത്തിൽ കരട് ലിസ്റ്റ് പരിഷ്ക്കരിക്കാവുന്നതാണ്. ആക്ഷേപങ്ങൾ ഫയൽ ചെയ്യേണ്ട അവസാന തിയതി കഴിഞ്ഞാൽ ഇക്കാര്യം പത്ത് ദിവസത്തിനകം പൂർത്തിയാക്കണം.
4. പരിഷ്ക്കരിച്ച ലിസ്റ്റിന് ഗ്രാമ/വാർഡ് സഭകളുടെ അംഗീകാരം. കരട് ലിസ്റ്റ് പരിഷ്ക്കരിച്ച് 15 ദിവസത്തിനകം പൂർത്തിയാക്കണം .
5. വീടുകളുടെ ഗുണമേൻമ വർദ്ധിപ്പിക്കുന്നതിനുള്ള ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് മുകളിൽ വിവരിച്ച നടപടികൾ സ്വീകരിക്കേണ്ടതാണ്

പദ്ധതി പൂർണ്ണ ലക്ഷ്യം കൈവരിക്കുന്നതിനായി തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ വികസനഫണ്ടിന്റെ 15 ശതമാനത്തിൽ കുറയാതെയുള്ള തുക 2008-09 വാർഷിക പദ്ധതി മുതൽ E.M.S. ഭവന പരിപാടിക്കായി അനിവാര്യമായും വകയിരുത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

സംസ്ഥാനവികസനകൗൺസിൽ

അനുബന്ധം നം. 6

കമ്പ്യൂട്ടർ വൽക്കരണം സംബന്ധിച്ച്

സംസ്ഥാനത്തെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ കമ്പ്യൂട്ടർവൽക്കരണം ശ്രദ്ധേയമായ രീതിയിൽ മുന്നോട്ട് പോയിട്ടുണ്ട്. ഒരു ഗ്രാമപഞ്ചായത്തിന്റെ പ്രവർത്തനങ്ങളിൽ റവന്യൂ, അക്കൗണ്ടിംഗ്, വിവിധക്ഷേമ പ്രവർത്തനങ്ങൾ, സിവിൽ രജിസ്ട്രേഷൻ, ആസൂത്രണവും നടത്തിപ്പും, ഫയൽ മാനേജ്മെന്റ്, ലൈസൻസുകൾ, എസ്റ്റാബ്ലിഷ്മെന്റ്, വിവിധ കമ്മിറ്റികളുടെ നടത്തിപ്പ് എന്നിങ്ങനെ എല്ലാ പ്രവർത്തനങ്ങളും കമ്പ്യൂട്ടർ ഉപയോഗിച്ച് നിർവ്വഹിച്ച് ഇലക്ട്രോണിക് ഗവേണൻസ് നടപ്പിലാക്കുക എന്നത് വളരെയേറെ ശ്രമകരമായ കാര്യമാണ്. ഇവയിൽ കമ്പ്യൂട്ടർവൽക്കരണത്തിനാവശ്യമായ ഭൗതികസൗകര്യങ്ങൾ. ഇലക്ട്രിഫിക്കേഷൻ, എർത്തിംഗ്, സർവർ കമ്പ്യൂട്ടർ സ്ഥാപിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ 842 പഞ്ചായത്തുകളിൽ പൂർത്തീകരിച്ചുകഴിഞ്ഞു. ആപ്ലിക്കേഷൻ സോഫ്റ്റ് വെയറുകളുടെ വിന്യാസവും പരിശീലനവും നടക്കുന്നു.

2007 ജൂൺ മാസത്തിലെ സർക്കാർ പ്രത്യേക ഉത്തരവ് പ്രകാരം തദ്ദേശഭരണസ്ഥാപനങ്ങൾക്ക് കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിന് ചുമതല നൽകി. അതനുസരിച്ച് മുഴുവൻ തദ്ദേശഭരണസ്ഥാപനങ്ങളും കമ്പ്യൂട്ടറുകൾ വാങ്ങുകയും ഭൗതിക സൗകര്യങ്ങൾ ഏർപ്പെടുത്തുന്ന പ്രവർത്തനം ചടുലഗതിയിൽ ആരംഭി ക്കുകയും ചെയ്തു.

സംസ്ഥാനത്ത് 8 ജില്ലാപഞ്ചായത്തുകളിൽ ഭൗതിക സൗകര്യങ്ങൾ പൂർത്തീകരിച്ച് സെർവർ കമ്പ്യൂട്ടറുകൾ സ്ഥാപിച്ചിട്ടുണ്ട്. 152 ബ്ലോക്ക് പഞ്ചായത്തുകളിൽ 151-ലും, 999 ഗ്രാമപഞ്ചായത്തുകളിൽ 842-ലും ഭൗതിക സൗകര്യങ്ങൾ പൂർത്തീകരിച്ച് സെർവർ കമ്പ്യൂട്ടറുകൾ സ്ഥാപിച്ചു. 53 മുനിസിപ്പാലിറ്റികളിലും 5 കോർപ്പറേഷനുകളിലും 2005 ൽ തന്നെ സർവർ കമ്പ്യൂട്ടർ സ്ഥാപിച്ച് ഓൺലൈൻ പ്രവർത്തനങ്ങൾ ആരംഭിച്ചിരുന്നു. പൂർത്തീകരിക്കാൻ ബാക്കിയുള്ള തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്.

തദ്ദേശഭരണസ്ഥാപനങ്ങളിൽ പദ്ധതി രൂപീകരണത്തിനും മോണിറ്ററിംഗിനുമുള്ള **സുലേഖ** (1223), സിവിൽ രജിസ്ട്രേഷനുകൾ നിർവ്വഹിക്കുന്നതിനുള്ള **സേവന** (438), എസ്റ്റാബ്ലിഷ്മെന്റ് പേറോൾ കൈകാര്യം ചെയ്യുന്നതിനുള്ള **സ്ഥാപന** (635), സാമൂഹ്യ സുരക്ഷാപെൻഷനുകൾ കൈകാര്യം ചെയ്യുന്നതിന് **സേവന-പെൻഷൻ**-(697), പഞ്ചായത്ത്-നഗരപാലിക നിയമങ്ങൾ, ചട്ടങ്ങൾ, സർക്കാർ ഉത്തരവുകൾ, കോടതി വിധിന്യായങ്ങൾ എന്നിവ കൈകാര്യം ചെയ്യുന്നതിന് **സഞ്ചിത** (845) ഫയൽ ട്രാക്കിംഗിനും

മോണിറ്ററിംഗിനുമുള്ള **സുചിക** (8) അക്കൗണ്ടിംഗിനുള്ള സാംഖ്യ (62) എന്നീ ആപ്ലിക്കേഷൻ സോഫ്റ്റ് വെയറുകൾ ഇതിനകം വിന്യസിച്ചിട്ടുണ്ട്. അതോടൊപ്പം സംവേദിത എന്ന പേരിൽ www.lsg.kerala.gov.in എന്ന മേൽവിലാസത്തിൽ മുഴുവൻ തദ്ദേശഭരണസ്ഥാപനങ്ങൾക്കും പ്രത്യേക പേജുകൾ ഉൾപ്പെടുത്തി ഒരു വെബ്പോർട്ടലും ഇൻഫർമേഷൻ കേരള മിഷൻ വിന്യസിച്ച് പരിപാലിക്കുന്നുണ്ട്. പഞ്ചായത്ത് ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ട് കമ്പ്യൂട്ടർവൽക്കരിച്ച് ഇതിനകം 2002-03, 2004-05, 2006-07 വർഷങ്ങളിലെ കാർഡുകൾ വിതരണം ചെയ്തു. 5 കോർപ്പറേഷനുകൾ, 37 മുനിസിപ്പാലിറ്റികൾ, 16 ഗ്രാമപഞ്ചായത്തുകൾ എന്നിവിടങ്ങളിൽ 248 ആശുപത്രികളിൽ കിയോസ്ക്കുകൾ സ്ഥാപിച്ച് തത്സമയ ജനന/മരണ രജിസ്ട്രേഷൻ നടത്തി സർട്ടിഫിക്കറ്റുകൾ ആശുപത്രിയിൽ വെച്ചു നൽകുന്ന ഹോസ്പിറ്റൽ കിയോസ്ക് സംവിധാനവും ഇതിനകം നടപ്പാക്കി. സംസ്ഥാനത്തെ മുഴുവൻ തദ്ദേശഭരണസ്ഥാപനങ്ങളുടേയും പദ്ധതി സംബന്ധിച്ച കണക്കുകൾ ധനകാര്യവകുപ്പിന്റെയും, തദ്ദേശസ്വയംഭരണവകുപ്പിന്റെയും നിർദ്ദേശാനുസരണം ബന്ധപ്പെട്ട തദ്ദേശഭരണസ്ഥാപനങ്ങളുടെ സഹായത്തോടെ തയ്യാറാക്കി വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തി. 18019 ജീവനക്കാർക്കും, 537 ജനപ്രതിനിധികൾക്കും ഇതിനകം കമ്പ്യൂട്ടർ പരിശീലനം നൽകി. സംസ്ഥാനത്ത് കണ്ണൂർ, തൃശൂർ, പാലക്കാട്, എറണാകുളം, തിരുവനന്തപുരം എന്നീ കേന്ദ്രങ്ങളിലായി പരിശീലന പരിപാടി തുടരുന്നു. സാങ്കേതിക സഹായനിർവ്വഹണത്തിനായി 58 നഗരസഭാസ്ഥാപനങ്ങളിലും 152 ബ്ലോക്കുകളിലും ടെക്നിക്കൽ അസിസ്റ്റന്റുമാരെ നിയോഗിച്ചിട്ടുണ്ട്. ജില്ലയിൽ സാങ്കേതിക നിർവ്വഹണത്തിന് മേൽനോട്ടം വഹിക്കുന്നതിന് ജില്ലാ ടെക്നിക്കൽ ഓഫീസറേയും, കോ-ഓർഡിനേറ്ററെയും ഇതിനകം നിയോഗിച്ചു. ഇതിനുപുറമേ തുടർച്ചയായി പ്രവർത്തിക്കുന്ന സംസ്ഥാനതല ഹെൽപ്ഡസ്കും ഐ.കെ.എം കേന്ദ്രത്തിൽ പ്രവർത്തിക്കുന്നു.

ഏതാണ്ട് ഈ വർഷം അവസാനത്തോടെ എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളിലും കമ്പ്യൂട്ടർവൽക്കരണം പൂർത്തിയാവും. പുതിയ ചില ആപ്ലിക്കേഷനുകളും, നിലവിലുള്ള ചിലവയുടെ പരിഷ്കരിച്ച പതിപ്പുകളും പ്രവർത്തന സജ്ജമാക്കുന്ന പ്രവൃത്തിയേ ബാക്കിയുണ്ടാവൂ.

ഈ സാഹചര്യത്തിൽ തദ്ദേശഭരണസ്ഥാപനങ്ങളിലെ കമ്പ്യൂട്ടർ സംവിധാനങ്ങളുടെ പരിപാലനം, സോഫ്റ്റ് വെയറുകൾ ഉപയോഗത്തിന്റെ സാങ്കേതികസഹായം തുടങ്ങിയ കാര്യങ്ങളുടെ ചുമതല തദ്ദേശഭരണസ്ഥാപനങ്ങളുടെ ജീവനക്കാർക്ക് നിറവേറ്റാൻ പ്രയാസമായേക്കും. ആകയാൽ ഓരോ സ്ഥാപനത്തിലും മേൽകാര്യങ്ങളുടെ ചുമതല നോക്കാൻ പ്രത്യേക സാങ്കേതിക വിദഗ്ദ്ധനെ നിയോഗിക്കുന്നത് അഭികാമ്യമായിരിക്കും.

## അക്ഷയ പദ്ധതിയെ സംബന്ധിച്ചുള്ള കുറിപ്പ്

കേരള സർക്കാർ കേരള സംസ്ഥാന ഐ.ടി മിഷൻ വഴി നടപ്പിലാക്കി വരുന്ന പ്രോജക്ടാണ് അക്ഷയ. ഈ പദ്ധതി രണ്ടു ഘട്ടമായി നടപ്പിലാക്കി വരുന്നു. ഒന്നാം ഘട്ടത്തിൽ ഒരു വീട്ടിൽ നിന്നും ഒരാളിനെ കമ്പ്യൂട്ടർ സാക്ഷരനാക്കുന്നു. രണ്ടാം ഘട്ടത്തിൽ വിവിധ സേവനങ്ങൾ അക്ഷയ കേന്ദ്രങ്ങൾ വഴി ലഭ്യമാക്കുന്നു.

### പ്രവർത്തന പുരോഗതി

മലപ്പുറം, കണ്ണൂർ ജില്ലകൾ സമ്പൂർണ്ണ ഇ-സാക്ഷരതാ ജില്ലകളായി പ്രഖ്യാപിച്ചു കഴിഞ്ഞു. കൊല്ലം, തൃശ്ശൂർ, കോഴിക്കോട്, കാസർഗോഡ് ജില്ലകൾ 90 ശതമാനത്തിലേറെ ഇ-സാക്ഷരത കൈവരിച്ചു. എറണാകുളം ജില്ല 65 ശതമാനവും പത്തനംതിട്ട ജില്ല 48 ശതമാനവും ഇ-സാക്ഷരത കൈവരിച്ചു. 2004-ൽ അക്ഷയ പദ്ധതി നടപ്പിലാക്കിയ കൊല്ലം, പത്തനംതിട്ട, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ സേവനങ്ങൾ ലഭ്യമാക്കുന്ന ഇ-പേ സംവിധാനം ആരംഭിച്ചു. ഈ ജില്ലകളിൽ 668 അക്ഷയ കേന്ദ്രങ്ങളിൽ ഇ-പേ സംവിധാനം നിലവിലുണ്ട്. ഒരു മാസം ശരാശരി 2.50 കോടി രൂപയുടെ ഇടപാടുകൾ ഈ അക്ഷയ കേന്ദ്രങ്ങൾ വഴി നടന്നു വരുന്നു. 2008 ൽ തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, ഇടുക്കി, പാലക്കാട്, വയനാട് എന്നീ ജില്ലകളിൽ കൂടി അക്ഷയ പദ്ധതി വ്യാപിപ്പിച്ചു. ഈ ജില്ലകളിലായി 1174 അക്ഷയ കേന്ദ്രങ്ങളാണ് തുടങ്ങാനുദ്ദേശിക്കുന്നത്. ഇതിൽ 60% അക്ഷയ കേന്ദ്രങ്ങൾ രൂപീകരിച്ച് പ്രവർത്തനമാരംഭിച്ചു കഴിഞ്ഞു. ഈ കേന്ദ്രങ്ങളിൽ ഇ-പേ സംവിധാനം നടപ്പാക്കുവാൻ നടപടി സ്വീകരിച്ചു കഴിഞ്ഞു.

### ഭാവി പ്രവർത്തനങ്ങൾ

2009 മാർച്ച് മാസത്തോടു കൂടി എല്ലാ ജില്ലകളും സമ്പൂർണ്ണ ഇ-സാക്ഷരതാ ജില്ലകളായി പ്രഖ്യാപിക്കാനാകുമെന്നാണ് കരുതുന്നത്. എന്നാൽ പത്തനംതിട്ട, എറണാകുളം ജില്ലകളിൽ അക്ഷയ പ്രവർത്തനങ്ങൾ വളരെ പിന്നിലാണ്. ഈ ജില്ലകളിൽ അക്ഷയ പ്രവർത്തനങ്ങൾ കൂടുതൽ വേഗതയിലാക്കുവാൻ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ സഹായസഹകരണങ്ങൾ അത്യന്താപേക്ഷിതമാണ്. പുതുതായി തുടങ്ങുന്ന 6 ജില്ലകളിൽ ചില പഞ്ചായത്തുകളിൽ അക്ഷയ കേന്ദ്രങ്ങൾ തുടങ്ങുവാൻ ആവശ്യമായ സംരംഭകരെ ലഭിച്ചിട്ടില്ല. ഇക്കാര്യത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അക്ഷയ സംരംഭകരെ കണ്ടെത്തുവാൻ സഹായിക്കണമെന്നഭ്യർത്ഥിക്കുന്നു. അക്ഷയ പദ്ധതിക്കായി ഫണ്ട് മാറ്റി വെക്കാത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ആവശ്യമായ ഫണ്ട് ഈ വർഷം ലഭ്യമാക്കണം. പുതുതായി ആരംഭിച്ച 6 ജില്ലകളിൽ ഈ പദ്ധതി സമയബന്ധിതമായി

നടപ്പിലാക്കുവാനായി പഠിതാക്കളെ അക്ഷയ കേന്ദ്രങ്ങളിൽ എത്തിക്കുവാനാവശ്യമായ പ്രചരണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി പ്രസ്തുത തദ്ദേശ ഭരണ പ്രദേശത്തിലെ ഇ-സാക്ഷരതാ പ്രവർത്തനം ഊർജ്ജിതപ്പെടുത്തണം. അക്ഷയ വഴി നടപ്പിലാക്കുന്ന ഇ-വിദ്യ, എന്റെ ഗ്രാമം, മലയാളം കമ്പ്യൂട്ടിംഗ് മുതലായ പദ്ധതികൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ധനസഹായം ലഭ്യമാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കണം. ഇ-സാക്ഷരതയ്ക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നൽകിയ ഫണ്ടിൽ ബാക്കിയുള്ള ഫണ്ട് ഇതിനു വേണ്ടി വിനിയോഗിക്കാൻ ആവശ്യമായ അനുമതിക്ക് വേണ്ടി കത്ത് നൽകിയിട്ടുണ്ട്.

## ചർച്ചയ്ക്കുള്ള പോയിന്റുകൾ

1. 2005-ൽ അക്ഷയ പദ്ധതി ആരംഭിച്ച കൊല്ലം, പത്തനംതിട്ട, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ എറണാകുളം, പത്തനംതിട്ട എന്നീ ജില്ലകളൊഴികെ മറ്റ് ജില്ലകൾ കമ്പ്യൂട്ടർ സാക്ഷരത പൂർത്തിയാക്കി കഴിഞ്ഞു.
   എറണാകുളം ജില്ലയിൽ 65%
   പത്തനംതിട്ട ജില്ലയിൽ 48%
   ഈ രണ്ടു ജില്ലകളിലും കമ്പ്യൂട്ടർ സാക്ഷരത മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങളിൽ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ഭാഗത്തു നിന്ന് സഹായങ്ങളുണ്ടാകണം.

2. 2008-ൽ അക്ഷയ പദ്ധതി ആരംഭിച്ച ആറു ജില്ലകളിൽ തിരുവനന്തപുരം ജില്ലയിൽ അക്ഷയയ്ക്ക് ആവശ്യമായ ഫണ്ട് പൂർണ്ണമായി ലഭിച്ചിട്ടില്ല. ജില്ലാ പഞ്ചായത്തിന്റെ വിഹിതമായി ഇതുവരെ ഒരു തുകയും വകയിരുത്തിയിട്ടില്ല. തിരുവനന്തപുരം കോർപ്പറേഷൻ 41% തുക മാത്രമേ നാളിതു വരെ വകയിരുത്തിയിട്ടുള്ളൂ. ഈ രണ്ടു സ്ഥാപനങ്ങളുടേയും ബാക്കി തുക വെക്കുന്നതിനുള്ള നടപടികളുണ്ടാവണം.

3. *മോണിറ്ററിംഗ് സമിതി*
   ഇപ്പോൾ അക്ഷയ ആരംഭിച്ച ആറു ജില്ലകളിൽ അക്ഷയ കേന്ദ്രങ്ങളടിസ്ഥാനപ്പെടുത്തി മോണിറ്ററിംഗ് കമ്മിറ്റിക്ക് രൂപം നൽകുന്നുണ്ട്. അക്ഷയ കേന്ദ്രങ്ങളുടെ പരിധിയിൽ വരുന്ന തെരഞ്ഞെടുക്കപ്പെട്ട വാർഡ്/ഡിവിഷൻ മെമ്പർമാർ അടങ്ങുന്നതാണ് മോണിറ്ററിംഗ് കമ്മിറ്റി. മാസത്തിലൊരിക്കൽ മോണിറ്ററിംഗ് കമ്മിറ്റി ചേർന്ന് അക്ഷയ വഴി കമ്പ്യൂട്ടർ പഠിച്ചവരുടെ വിശദാംശങ്ങൾ ഹാജർ പട്ടികയുടെ സഹായത്തോടെ പരിശോധിച്ച് റിപ്പോർട്ട് തയ്യാറാക്കുന്നു. ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രമേ അക്ഷയ സംരംഭകന് ഫണ്ട് നൽകുകയുള്ളൂ. ആയതിനാൽ മോണിറ്ററിംഗ് സമിതിയുടെ പ്രവർത്തനം ഫലപ്രദമായി നടത്തുന്നതിന് ജനപ്രതിനിധികളുടെ സഹായസഹകരണങ്ങൾ ഉണ്ടാകണം

4. *പ്രചരണം*
   (a) അക്ഷയ വഴി ആരംഭിച്ച ഇ-പേ (സേവനങ്ങൾ) ജനങ്ങളിലെത്തിക്കുന്നതിനു വേണ്ടിയുള്ള പ്രചരണ പ്രവർത്തനങ്ങൾക്ക് നേതൃത്വപരമായ പങ്ക് വഹിക്കുവാൻ തദ്ദേശ ഭരണ സ്ഥാപനങ്ങൾ തയ്യാറാകണം.

   (b) അക്ഷയ പദ്ധതി ആരംഭിച്ച ആറു ജില്ലകളിൽ തദ്ദേശ ഭരണ സ്ഥാപനങ്ങൾ വഴി കമ്പ്യൂട്ടർ സാക്ഷരതയുടെ അനിവാര്യത വിളിച്ചറിയിക്കുന്ന പ്രചരണ പരിപാടികൾ നടത്തിയാൽ മാത്രമേ പൊതുജനങ്ങൾ അക്ഷയ കേന്ദ്രത്തിലെത്തുകയുള്ളൂ. സമ്പൂർണ്ണസാക്ഷരത കമ്പ്യൂട്ടർ ...

## അക്ഷയ പദ്ധതിയുടെ ഇപ്പോഴുള്ള നില

| ജില്ല | അക്ഷയ കേന്ദ്രങ്ങളുടെ എണ്ണം | കമ്പ്യൂട്ടർ സാക്ഷരത (ശതമാനത്തിൽ) | ഇ-പേ കേന്ദ്രങ്ങളുടെ എണ്ണം |
|---|---|---|---|
| മലപ്പുറം (പൈലറ്റ് പ്രോജക്ട്) | 279 | സമ്പൂർണ്ണ കമ്പ്യൂട്ടർ സാക്ഷരത ജില്ലയായി പ്രഖ്യാപിച്ചു | 225 |
| കാസർഗോഡ് | 103 | 90 | 52 |
| കണ്ണൂർ | 144 | സമ്പൂർണ്ണ കമ്പ്യൂട്ടർ സാക്ഷരത ജില്ലയായി പ്രഖ്യാപിച്ചു | 102 |
| കോഴിക്കോട് | 164 | 92 | 76 |
| തൃശ്ശൂർ | 195 | 90 | 64 |
| എറണാകുളം | 215 | 65 | 50 |
| പത്തനംതിട്ട | 101 | 48 | 22 |
| കൊല്ലം | 154 | 90 | 93 |
| ആകെ | 1355 | | 684 |

| ജില്ല | ആകെ കേന്ദ്രങ്ങളുടെ എണ്ണം | കേന്ദ്രങ്ങൾ സ്ഥാപിക്കുവാൻ അപേക്ഷ ലഭിച്ചത് | ആരംഭിച്ച കേന്ദ്രങ്ങളുടെ എണ്ണം |
|---|---|---|---|
| തിരുവനന്തപുരം | 297 | 257 | 140 |
| ഇടുക്കി | 125 | 59 | 47 |
| വയനാട് | 71 | 58 | 36 |
| കോട്ടയം | 204 | 118 | 85 |
| ആലപ്പുഴ | 222 | 165 | 126 |
| പാലക്കാട് | 255 | 209 | 121 |
| ആകെ | 1174 | 866 | 55 |

സംസ്ഥാന വികസന കൗൺസിൽ

അജണ്ട നമ്പർ -7

പഞ്ചായത്തുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് എഞ്ചിനീയറിംഗ് സംവിധാനം രൂപീകരിച്ചതുവഴി ഉണ്ടായ പുരോഗതികളെക്കുറിച്ചുള്ള റിപ്പോർട്ട്

സെൻ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി ത്രിതല പഞ്ചായത്ത് രാജ് സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിനായി കേരള പഞ്ചായത്ത് രാജ് ആക്ട് 1994, കേരള മുനിസിപ്പാലിറ്റി ആക്ട് 1994 എന്നിവ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ അധികാരങ്ങളും ചുമതലകളും നിർവ്വഹിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്യുന്നതിനുള്ള വിശദമായ നിർദ്ദേശങ്ങൾ അധികാര വികേന്ദ്രീകരണ സമിതി അതിന്റെ അന്തിമ റിപ്പോർട്ട് വോള്യം 3 പാർട്ട്4 ൽ ഉൾപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ, 4.7.2000 ലെ സഉ(അ) നമ്പർ 186/2000/തസ്വഭവ പ്രകാരം സാങ്കേതിക വിഭാഗം ജീവനക്കാരേയും അനുബന്ധ ജീവനക്കാരേയും പുനർ വിന്യസിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുള്ള ചുമതലകളും ഉത്തരവാദിത്തങ്ങളും കാര്യക്ഷമമായി നടപ്പിലാക്കുന്നതിനാവശ്യമായ ജീവനക്കാരെയാണ് പൊതുമരാമത്ത്, ജലവിഭവ വകുപ്പുകളിൽ നിന്നും പുനർവിന്യസിച്ചത്.

തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിലുള്ള മുനിസിപ്പൽ കോർപ്പറേഷൻ സ്ഥാപനങ്ങൾക്ക് സ്വന്തമായി എഞ്ചിനീയറിംഗ് വിഭാഗം നിലവിലുണ്ടായിരുന്നു. അതു പോലെ കേരളത്തിലെ 41 ഗ്രാമ പഞ്ചായത്തുകളിൽ സ്വന്തമായി അസിസ്റ്റന്റ് എഞ്ചിനീയർ മാരേയും അനുവദിച്ചിരുന്നു. എന്നാൽ ശേഷിക്കുന്ന ഗ്രാമ പഞ്ചായത്തുകളിലെ കൈമാറിക്കിട്ടിയ ചുമതലകളും ഉത്തര വാദിത്തങ്ങളും കാര്യക്ഷമമായി നടപ്പിലാക്കാൻ സാങ്കേതിക വിഭാഗം ജീവനക്കാരുടെ അഭാവം കാരണമായിട്ടുണ്ട്. കൂടാതെ ജില്ലാ പഞ്ചായത്തിന്റെയും ബ്ലോക്ക് പഞ്ചായത്തിന്റെയും മരാമത്ത് പണികളും കാര്യക്ഷമമായി നടപ്പിലാക്കാൻ എഞ്ചിനീയറിംഗ് വിഭാഗം ആവശ്യമായിരുന്നു.

ആകയാൽ പൊതു മരാമത്ത്, ജലവിഭവ വകുപ്പുകളിൽ നിന്നും കൈമാറ്റം ചെയ്യപ്പെട്ട ചുമതലകൾക്ക് ആനുപാതികമായ ജീവനക്കാരെ പുനർവിന്യസിച്ച് തദ്ദേശസ്വയംഭരണ വകുപ്പിലെ മരാമത്ത് പ്രവർത്തികൾക്ക് മേൽനോട്ടം വഹിക്കാൻ 5.09.2003 ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 269/2003/തസ്വഭവ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചു. കൂടാതെ 2004 ഏപ്രിൽ മാസം മുതൽ തദ്ദേശ സ്വയംഭരണ വകുപ്പിന് മാത്രമായി ഒരു പ്രത്യേക എഞ്ചിനീയറിംഗ് കേഡർ രൂപീകരിക്കാനും ഈ സർക്കാർ ഉത്തരവിലൂടെ നിശ്ചയിച്ചിരുന്നു.

പൊതുമരാമത്ത് ജലവിഭവ വകുപ്പുകളിൽ നിന്നും പുനർ വിന്യസിക്കപ്പെട്ട സാങ്കേതിക വിഭാഗം ജീവനക്കാരെ 4.07.2000 ലെ സഉ(ആ) നമ്പർ 186 / 2000 / തസ്വഭവ ൽ നിഷ്കർഷിച്ചിട്ടുള്ളതു പോലുള്ള ആഫീസ് സംവിധാനം രൂപം നൽകി പ്രവർത്തനം ആരംഭിച്ചു. ഇങ്ങനെ പുനർവിന്യാസം മുഖേന ജോലിയിൽ പ്രവേശിച്ച എല്ലാ പേരുംതന്നെ പഞ്ചായത്തിൻെറ മരാമത്ത് പണികളുടെ രൂപ കൽപ്പനയിലും, നിർവ്വഹണത്തിലും ഗുണനിലാവരം പരിപാലിക്കുന്നതിലും സ്തുത്യർഹമായ സേവനം നടത്തിവരുന്നു.

എന്നാൽ പുനർവിന്യാസം മുഖേന തദ്ദേശ സ്വയംഭരണ വകുപ്പിൽ ജോലിയിൽ പ്രവേശിക്കുന്ന ജീവനക്കാർക്ക് മൂന്നു വർഷത്തിനുശേഷം മാതൃവകുപ്പിലേയ്ക്ക് മടങ്ങിപ്പോകാമെന്നുള്ളതിനാൽ പദ്ധതി പ്രവർത്തനങ്ങളുടെ തുടർച്ചയിൽ കാര്യക്ഷമത കുറഞ്ഞതായി കാണുന്നുണ്ട്. ആയത് പരിഹരിക്കുന്നതിനായി 13.11.2007 തിയതിയിലെ സഉ(കൈ) നമ്പർ 253/2007/തസ്വഭവ. ഉത്തരവു പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു മാത്രമായി ഒരു എഞ്ചിനീയറിംഗ് കേഡർ രൂപീകരിക്കുകയും 13.12.2007 തിയതിയിലെ സ.ഉ (സാധാ)നമ്പർ 3426/07/ തസ്വഭവ പ്രകാരം ടി എഞ്ചിനീയറിംഗ് കേഡറിലേയ്ക്ക് പ്രവേശിക്കുവാൻ ആഗ്രഹിക്കുന്ന ജലവിഭവം, പൊതുമരാമത്ത് വകുപ്പുകളിലെ സാങ്കേതിക വിഭാഗം ജീവനക്കാരുടെ ലിസ്റ്റ് തയ്യാറാക്കി സമർപ്പിക്കുവാൻ ബന്ധപ്പെട്ട ചീഫ് എഞ്ചിനീയർമാരോട് നിർദ്ദേശിക്കുകയും ചെയ്തു.

1.1.2008 തീയതി മുതൽ നിലവിൽവന്ന കേരള തദ്ദേശ സ്വയം ഭരണ എഞ്ചിനീയറിംഗ് സർവ്വീസ് / സബോർഡിനേറ്റ് സർവ്വീസ് എന്നിവയുടെ സ്പെഷ്യൽ റൂളുകൾ തയ്യാറാക്കി ഗസറ്റ് വിജ്ഞാപനം ചെയ്തു. ആയതിന് കേരള നിയമസഭയുടെ വിഷയ നിർണ്ണയ കമ്മിറ്റിയുടെ അംഗീകാരവും ലഭിച്ചു.

ഇതിൻെറ തുടർച്ചയായി തദ്ദേശ സ്വയം ഭരണ എഞ്ചിനീയറിംഗ് കേഡറിൻെറ കേഡർ സ്ട്രെങ്ത് നിശ്ചയിച്ച് 27.03.2008 തീയതിയിലെ സ.ഉ (കൈ) 94 /2008/ തസ്വഭവ പ്രകാരം ഉത്തരവായി.

പൊതുമരാമത്ത് വകുപ്പിൽ നിന്നും തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് കേഡറിലേക്ക് സ്ഥിരനിയമനം കിട്ടുന്നതിനായി ഓപ്ഷൻ സമർപ്പിച്ച 34 അസിസ്റ്റൻറ് എഞ്ചിനീയർമാരേയും , 308 ഓവർസിയർ മാരേയും, 23.05.2008 തീയതിയിലെ GO(MS) 140/08/LSGD പ്രകാരവും, ജലവിഭവ വകുപ്പിൽ നിന്നും ഓപ്ഷൻ സമർപ്പിച്ച ഒരു സൂപ്രണ്ടിംഗ് എഞ്ചിനീയർ, 10 എക്സിക്യൂട്ടിവ് എഞ്ചിനീയർമാർ , 60 അസിസ്റ്റൻറ് എക്സിക്യൂട്ടിവ് എഞ്ചിനീയർമാർ, 177 അസിസ്റ്റൻറ് എഞ്ചിനീയർമാർ, 758 ഓവർസിയർമാർ എന്നിവരെ 29.05.2008 തീയതിയിലെ GO(MS) 148/08/LSGD പ്രകാരവും തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് കേഡറിലേക്ക് "അബ്സോർബ് "ചെയ്തിട്ടുണ്ട്.

തദ്ദേശ സ്വയം ഭരണ എഞ്ചിനീയറിംഗ് കേഡറിൻെറ പ്രവർത്തനം പൂർണ്ണതോതിൽ നിലവിൽ വരുത്തുന്നതിനുള്ള പ്രവർത്തനം ത്വരിതപ്പെടുത്തിയിട്ടുണ്ട്. എഞ്ചിനീയറിംഗ് കേഡർ പൂർണ്ണമായി പ്രവർത്തനക്ഷമമാകുമ്പോൾ ത്രിതല പഞ്ചായത്തുകളിലെ മരാമത്ത് പ്രവർത്തനങ്ങളുടെ രൂപകൽപ്പന, നിർവ്വഹണം, മേൽനോട്ടം വഹിക്കൽ എന്നിവയ്ക്ക് സാങ്കേതിക വിഭാഗം ജീവനക്കാരെ ഫലപ്രദമായി വിനിയോഗിക്കുവാൻ സാധിക്കുന്നതാണ്. അതിലൂടെ പ്രവർത്തനങ്ങൾക്ക് ഗുണ നിലവാരം കൂടി ഉറപ്പുവരുത്തുവാൻ കഴിയുന്നതാണ്.

അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി വിവിധ വകുപ്പുകളിൽ നിന്നും മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് പുനർ വിന്യസിച്ചുകൊണ്ടുള്ള നടപടി പൂർത്തിയാക്കിയിട്ടുണ്ട്.

സംസ്ഥാന വികസന കൗൺസിൽ

അനുബന്ധം നമ്പർ 8

## ജില്ലാ ആസൂത്രണ സമതികളെ ശക്തിപ്പെടുത്തൽ

ജില്ലാ ആസൂത്രണ സമതികളെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ജില്ലാ പ്ലാനിംഗ് ഓഫീസ്, ജില്ലാ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ്, ജില്ലാ ടൗൺ പ്ലാനിംഗ് ഓഫീസ് എന്നീ ഓഫീസുകളെ ഉൾപ്പെടുത്തി ടെക്നിക്കൽ സെക്രട്ടറിയേറ്റ് രൂപീകരിച്ചിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതം വിനിയോഗിച്ച് ജില്ലാ ആസൂത്രണ സമിതികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ നടന്നു വരികയാണ്. കാസർഗോഡ്, ആലപ്പുഴ, തൃശ്ശൂർ, എറണാകുളം എന്നീ ജില്ലകളിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതം നിക്ഷേപിക്കുന്നതിന് ടി.എസ്.ബി. അക്കൗണ്ട് ആരംഭിക്കുവാൻ അനുമതി നൽകിയിട്ടുണ്ട്. എല്ലാ ജില്ലകളിലും സ്ഥലം കണ്ടെത്തിയിട്ടില്ല. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ജില്ല | അവസ്ഥ |
|---|---|---|
| 1 | തിരുവനന്തപുരം | സ്ഥലം കണ്ടെത്തി |
| 2 | കൊല്ലം | സ്ഥലം കണ്ടെത്തി |
| 3 | പത്തനംതിട്ട | സ്ഥലം കണ്ടെത്തി |
| 4 | ആലപ്പുഴ | സ്ഥലം കണ്ടെത്തി, ഗവൺമെന്റിന്റെ പരിഗണനയിലാണ് |
| 5 | കോട്ടയം | സ്ഥലം കണ്ടെത്തി |
| 6 | ഇടുക്കി | എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു |
| 7 | എറണാകുളം | ഗവൺമെന്റിന്റെ പരിഗണനയിലാണ് |
| 8 | തൃശ്ശൂർ | പ്രവൃത്തി ടെണ്ടർ ചെയ്തു |
| 9 | പാലക്കാട് | റവന്യൂ വകുപ്പിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട് |
| 10 | മലപ്പുറം | റവന്യൂ വകുപ്പിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട് |
| 11 | കോഴിക്കോട് | സ്ഥലം കണ്ടെത്തി |
| 12 | വയനാട് | സ്ഥലം കണ്ടെത്തിയിട്ടില്ല |
| 13 | കണ്ണൂർ | സ്ഥലം കണ്ടെത്തിയിട്ടില്ല |
| 14 | കാസർഗോഡ് | സ്ഥലം കണ്ടെത്തി, ഫണ്ട് ടി.എസ്.ബി. അക്കൗണ്ടിലേക്ക് നിക്ഷേപിച്ചിട്ടുണ്ട്. |

അനുബന്ധം - 9 സംസ്ഥാന വികസന കൗൺസിൽ

## ഉത്പാദന മേഖലയിലെ പ്രോജക്ടുകളുടെ ഗുണമേന്മ മെച്ചപ്പെടുത്തൽ

തദ്ദേശഭരണ സ്ഥാപനങ്ങളുടെ പതിനൊന്നാം പദ്ധതിയിലെ പ്രധാന മുൻഗണനകളിൽ ഒന്ന് പ്രാദേശിക സാമ്പത്തിക വികസനമാണ്. കൃഷി അനുബന്ധ മേഖലകളിലെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഇടപെടൽ ഫലപ്രദവും കാര്യക്ഷമവും ആക്കുന്നതിന് സർക്കാർ ചില മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ആദ്യ ഘട്ടമായി നെല്ല്, പച്ചക്കറി എന്നിവയുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിന് ജനകീയാസൂത്രണം, ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി എന്നിവ സമന്വയിപ്പിച്ച് ത്രിതല പഞ്ചായത്തുകൾ ഏറ്റെടുത്ത് നടപ്പാക്കേണ്ട പ്രവർത്തനങ്ങളുടെ മാർഗ്ഗനിർദ്ദേശങ്ങൾ 16.07.2008-ലെ 38651/ഡി.എ.1/2008/തസ്വഭവ നമ്പർ സർക്കുലർ പ്രകാരമാണ് നൽകിയിട്ടുള്ളത്.

കൃഷിയോഗ്യമാക്കാൻ കഴിയുന്ന തരിശ് നിലങ്ങൾ കണ്ടെത്തി രണ്ട് വർഷം കൊണ്ട് അവയെ കൃഷിയോഗ്യമാക്കുകയാണ് ലക്ഷ്യം. അതോടൊപ്പം നിലവിൽ കൃഷി ചെയ്യുന്ന പാടങ്ങളിൽ നിന്ന് ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും ശ്രമം ഉണ്ടാകണം. പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിനും പരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കണം. കൃഷി ചെയ്യുന്നതിന് കർഷകർക്ക് പ്രോത്സാഹനം നൽകുകയും അവർ അതിന് തയ്യാറാകുന്നില്ലെങ്കിൽ കുടുംബശ്രീ യൂണിറ്റുകൾ മുഖേന പാട്ട കൃഷി നടത്തുന്നതിന് ശ്രമിക്കുന്നതുമാണ്. കൃഷിയിറക്കുന്ന കർഷകർക്കും കുടുംബശ്രീ യൂണിറ്റുകൾക്കും സഹായം ലഭ്യമാക്കുന്നതിന് ത്രിതല പഞ്ചായത്തുകൾ ഉത്പാദനോപാധികളുടെ/ സേവനങ്ങളുടെ പാക്കേജ് തയ്യാറാക്കി 2008-09 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തണം. ആ പാക്കേജിൽ ചുവടെ ചേർത്തിട്ടുള്ള ഘടകങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

(i) വിത്ത്, വളം, കീടനാശിനികൾ മുതലായ ഉത്പാദനോപാധികൾ
(ii) പമ്പ്സെറ്റുകൾ, സ്പ്രെയറുകൾ, തുടങ്ങിയ കാർഷികോ പകരണങ്ങൾ
(iii) ട്രാക്ടറുകൾ, ടില്ലറുകൾ, കൊയ്ത്ത് മെതിയന്ത്രങ്ങൾ തുടങ്ങിയ കാർഷിക യന്ത്രങ്ങൾ
(iv) കർഷക ഗ്രൂപ്പുകൾക്ക്/പാടശേഖര സമിതികൾക്ക്/ കർഷക തൊഴിലാളി ഗ്രൂപ്പുകൾക്ക്/കുടുംബശ്രീ യൂണിറ്റുകൾക്ക് റിവോൾവിംഗ് ഫണ്ട്.
(v) തൊഴിലാളികൾക്ക് യന്ത്രങ്ങൾ ഉപയോഗിക്കാനും കേടു പാടുകൾ തീർക്കാനുമുള്ള പരിശീലനം.
(vi) വിള ഇൻഷ്വറൻസ് ഉൾപ്പെടെ നെൽകൃഷി ചെലവിന് ധനസഹായം.
(vii) ആവശ്യമുള്ളിടത്ത് നെല്ല് സംഭരിക്കാനുള്ള സൗകര്യങ്ങൾ

പ്രാഥമിക മേഖലയിലെ പ്രവർത്തനങ്ങൾക്ക് പൂരകമായി പ്രാദേശിക ഉൽപന്നങ്ങളുടെ മൂല്യ വർദ്ധനയും വിപണനവും ഉറപ്പാക്കി സൂക്ഷ്മ സംരഭങ്ങൾ ശക്തിപ്പെടുത്തുന്ന പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പാക്കണം.

വികേന്ദ്രീകൃത പദ്ധതി, സംസ്ഥാന-കേന്ദ്ര പദ്ധതികളുമായി സംയോജിപ്പിക്കുന്നതാണ്.

## സംസ്ഥാന വികസന കൗൺസിൽ

അജണ്ട നമ്പർ / /
സംരക്ഷണ വീടുകൾ ( Care Homes)

സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ ആശുപത്രികളിൽ നിന്നും വിട്ടയക്കുന്ന അസുഖം ഭേദമായവരും ഭാഗികമായി സുഖം പ്രാപിച്ചവരുമായ മാനസികരോഗികളെ അവരുടെ കുടുംബം ഏറ്റെടുക്കാൻ തയ്യാറാകാത്ത സാഹചര്യത്തിൽ പുനരധിവസിപ്പിക്കുന്നതിനുള്ള നടപടികൾ കേരള ഹൈക്കോടതി സ്വമേധയ കേസ്സെടുത്ത് നടപടികൾ സ്വീകരിച്ചു വരികയാണ്. ആരോഗ്യ വകുപ്പ്, സാമൂഹ്യ ക്ഷേമവകുപ്പ് എന്നിവയുടെ സഹകരണത്തോടെ ജില്ലാപഞ്ചായത്തിന്റെ നിയന്ത്രണത്തിൽസന്നദ്ധ സംഘടനകളുടെ സഹായത്തോടെ ശ്രദ്ധാഭവനങ്ങൾ സ്ഥാപിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ശ്രദ്ധാഭവനുകൾ ആരംഭിക്കുന്നതിനുള്ള അടിസ്ഥാന ചെലവുകൾ(സ്ഥലം.കെട്ടിടം മുതലായവ) ജില്ലാപഞ്ചായത്തുകൾ ലഭ്യമാക്കുകയും ആവർത്തനചെലവുകൾ (മരുന്ന്, ആഹാരം മുതലയാവയ്ക്കുള്ള ചെലവുകൾ സ്റ്റാഫിന്റെ ശബളം മുതലായവ) സാമൂഹ്യക്ഷേമ വകുപ്പും ആരോഗ്യ വകുപ്പും വഹിക്കുന്നതുമാണ്.

ഇക്കാര്യം 15/12/07-ൽ കൂടിയ സംസ്ഥാനവികസന സമിതി യോഗം ചർച്ച ചെയ്യുകയും സംരക്ഷണ വീടുകൾ ഓരോ ജില്ലയിലും സ്ഥാപിക്കുന്നതിന് വേണ്ട സ്ഥലം കണ്ടെത്തി പ്രസതുത പദ്ധതി നടപ്പിൽ വരുത്തുവാൻ എല്ലാ ജില്ലാപഞ്ചായത്തുകളും മുൻകൈയെടുക്കണമെന്ന് തീരുമാനിക്കുകയും ചെയ്തിരുന്നു.

2008 മാർച്ച് മാസം 11-ാം തീയതിയിലെ ഒ.പി.നം.16667/96(S) എന്ന വിധിന്യായത്തിൽ പതിനാലുജില്ലകളിലും ശ്രദ്ധാഭവനങ്ങൾ ആരംഭിക്കുന്നതിന് വേണ്ട മതിയായ തുക വകകൊള്ളിക്കാൻ ഹൈക്കോടതി നിർദ്ദേശിക്കുകയുണ്ടായി. ശ്രദ്ധാഭവനങ്ങൾ സംബന്ധിച്ച് ഉണ്ടാകുന്ന എല്ലാചിലവുകൾക്കും വേണ്ട തുക വിധി വന്ന തീയതി മുതൽ ആറ് മാസത്തിനകം ബഡ്ജറ്റിൽ വകകൊള്ളിക്കേണ്ടതാണെന്ന് അഭിപ്രായപ്പെടുകയുണ്ടായി.

ശ്രദ്ധാഭവനങ്ങൾ ആരംഭിക്കുന്നതിനായി നടപ്പുസാമ്പത്തികവർഷം 30.00.000/-രൂപ ബഡ്ജറ്റിൽ സാമൂഹ്യ ക്ഷേമ വകുപ്പിന്റെ 2235-02-104-85 എന്ന ശീർഷകത്തിൽ വകകൊള്ളിച്ചിട്ടുണ്ട്.

തിരുവനന്തപുരം ജില്ലാപഞ്ചായത്തിന്റെ മേൽനോട്ടത്തിൽ [illegible] സ്ഥലത്താണ് ആദ്യത്തെ ഭവനം ആരംഭിക്കാൻ തീരുമാനിച്ചിരിക്കുന്നത്. ഇതിന്റെ ഭാഗമായി ജില്ലാപഞ്ചായത്ത് ശ്രദ്ധാഭവന്റെ നിർമ്മാണ പ്രവർത്തികൾ ഏകദേശം പൂർത്തിയാക്കുകയും കെട്ടിടത്തിന്റെ ചുറ്റുമതിലും വൈദ്യുതീകരണ പ്രവർത്തികളും നടത്തിവരികയുമാണ്. നടപ്പുസാമ്പത്തികവർഷം തന്നെ ഒരു പൈലറ്റ് പ്രോജക്ട് ആയി പദ്ധതി നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. അതിനുശേഷം കോഴിക്കോടും തൃശ്ശൂരും ഇപ്രകാരം ശ്രദ്ധാഭവനങ്ങൾ ആരംഭിക്കേണ്ടതുണ്ട്. ക്രമേണ എല്ലാ ജില്ലാകളിലും ഇപ്രകാരം ഭവനങ്ങൾ തുടങ്ങണം എന്നാണ് തീരുമാനിച്ചിട്ടുള്ളത്.

തീരുമാനമെടുക്കേണ്ട കാര്യങ്ങൾ:-

1. ശ്രദ്ധാഭവനുകൾ ആരംഭിക്കുന്നതിനായി ആരോഗ്യ സാമൂഹ്യക്ഷേമ വകുപ്പുകൾക്ക് വിശദമായ പദ്ധതി തയ്യാറാക്കുന്നതിന് നിർദ്ദേശം നൽകാമോ; പദ്ധതിക്കാവശ്യമായി വരുന്ന തുക കണ്ടെത്തുന്നതിന് നടപടി സ്വീകരിക്കാൻ ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദ്ദേശ നൽകാമോ?

2. തിരുവനന്തപുരത്ത് ആരംഭിക്കാനുദ്ദേശിക്കുന്ന രീതിയിൽ ശ്രദ്ധാഭവനുകൾ കോഴിക്കോടും തൃശ്ശൂരും ആരംഭിക്കാമോ?